

# ഏക സിവിൽ കോഡ്
# ഒരു വിമർശനപഠനം


മൗലാനാ വഹീദുദ്ദീൻഖാൻ

വിവർത്തനം
ഡോ. മുസ്തഫ കമാൽ പാഷ



GOODWORD BOOKS, KERALA
SM Street, Court road, Calicut-1, Ph: 8129538666
goodwordbooksclt@gmail.com

# ഏക സിവിൽ കോഡ്

## ഒരു വിമർശനപഠനം

# ഏക സിവിൽ കോഡ്
## ഒരു വിമർശനപഠനം

മൗലാന വഹീദുദ്ദീൻഖാൻ

വിവർത്തനം
ഡോ. മുസ്തഫ കമാൽ പാഷ

**GOODWORD BOOKS, KERALA**
SM Street, Court road, Calicut-1, Ph: 8129538666
goodwordbooksclt@gmail.com

**Eka civil code oru vimarsan padanam** (Malayalam)
Author : **Maulana Waheedudhin Khan**
Translator : **Dr. Musthafa Kamal Pasha**
Publisher : Goodword Books, Kerala
SM Street, Court road, Calicut-1
Ph: 8129538666
goodwordbooksclt@gmail.com
First Edition : 2016 April
Layout : spectrum creations
Pinting : premier offset
Rights with the publishers
Price: **60/-**

## ഉള്ളടക്കം

1. ഏക സിവിൽകോട് ഒരു വിമർശന പഠനം .................................... 11
2. ഭരണ ഘടന: അനാവശ്യ ദൈർഘ്യം ................................................ 12
3. നെഹ്റു റിപ്പോർട്ട് .............................................................................. 15
4. സുപ്രിംകോടതി വിധി ........................................................................ 16
5. ഭരണഘടനയുടെ 44-ാം ആർട്ടിക്കിൾ ............................................ 17
6. മതസ്വാതന്ത്ര്യം: അലംഘനീയമായ അവകാശം ............................... 19
7. മതവും വ്യക്തിനിയമവും ............................................................. 21
8. പൊതുനിയമവും ദേശീയ ഐക്യവും ........................................... 23
9. ജെ. കുൽദീപ് സിംഗിന്റെ വിധി .................................................... 24
10. സമൂഹത്തിലെ ശൈഥില്യം: ബ്രിട്ടീഷ് പാരമ്പര്യം .............................. 27
11. പൊതുനിയമം ഐക്യം സാധ്യമാക്കില്ല ........................................ 29
12. ബുദ്ധി ജീവികളുടെ പ്രതികരണങ്ങൾ ......................................... 31
13. ഏക സിവൽകോഡിനെക്കുറിച്ച് ഗുരുഗോൾവാൾക്കർ പറഞ്ഞത് .. 33
14. പ്രകൃതിയുടെ ക്രമം ........................................................................ 38
15. അപ്രയോഗികത ............................................................................ 40
16. നിയമത്തിന്റെ പരിമിതികൾ ........................................................ 41
17. മതപരിവർത്തനം .......................................................................... 43
18. 44-ാം വകുപ്പ് തള്ളിക്കളയണം ................................................... 45
19. ഏക സംസ്കാര രാജ്യം ബഹുസംസ്കാര രാജ്യം ............................ 47
20. ജനസംഖ്യാവർധനമെന്ന ഭീതി ..................................................... 50
21. നീക്കുപോക്ക്, സമത്വമല്ല ................................................................ 53
22. ഹിന്ദു മതത്തിലെ ആചാരങ്ങൾ ..................................................... 55
23. യഥാർത്ഥ ആവശ്യം ദേശീയ സ്വഭാവം .......................................... 56
24. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം .................................................... 58
25. വിദ്യാഭ്യാസം തൊഴിലിന് വേണ്ടിയല്ല ........................................... 59
26. എന്താണ് യഥാർത്ഥ ആവശ്യം ..................................................... 60
27. മുസ്ലിംകളോടൊരു ഉപദേശം ....................................................... 62

..................................6

## പ്രസാധക കുറിപ്പ്

ഭാരത്തിന്റെ അഖണ്ഡതക്കും, മതേതര സ്വഭാവ ത്തിനും ക്ഷതമേൽപ്പിക്കുന്ന നിർദ്ദേഷക തത്ത്വങ്ങളി ലുള്ള ഏകസിവിൽകോഡ്, ന്യൂനപക്ഷങ്ങൾക്കിടയിൽ മൊത്തത്തിൽ ആശയക്കുഴപ്പമാണ് സൃഷ്ടിക്കുന്നത്. വ്യത്യസ്ത മതങ്ങളിലെ വ്യക്തിഗത നിയമങ്ങളെല്ലാം ഏകീകൃത സിവിൽ കോഡിലൂടെ ഏകീകരിപ്പിക്കുന്നത് നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യയുടെ സ്വത്വത്തെ തന്നെ ഇല്ലാതാക്കുന്നു.

ഇത്തരം ശീർഷകത്തിൽ വിവിധ ചർച്ചകൾ ഇന്ത്യ യിലാകമാനം നടക്കുന്നുണ്ടെങ്കിലും, ഭൂരിപക്ഷം പേരും ഇപ്പോഴും പൂർണ്ണ അവ്യക്തതയിൽ തന്നെയാണ്. ഇത്ത രമൊരു പാശ്ചാതലത്തിൽ, ലോക ഇസ്‌ലാമിക് ചിന്ത കൻ മൗലാന വഹീദുദ്ദീൻഖാൻ രചിച്ച Uniform Civil Code ന്റെ മലയാള ഭാഷാന്തരം കൈരളിക്ക് നൽകുന്ന തിൽ പ്രസാധകർക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഗുഡ്‌വേഡ് ബുക്സ് കേരള

01.04.2016

................................8

## ഗ്രന്ഥകാരൻ

മൗലാന വഹീദുദ്ദീൻഖാൻ, 1925 ൽ ഉത്തർപ്രദേശിലെ അസംഗറിൽ ജനിച്ചു. അദ്ദേഹം പ്രാമാണിക ഇസ്‌ലാമിക പഠനത്തിലും, ആധുനിക വിജ്ഞാന ശാഖകളിലും അഗാധ പ്രാവിണ്യമുള്ള വിശ്വവിഖ്യാത ഇസ്‌ലാമിക ചിന്തകനാണ്. ആഗോള തലത്തിലുള്ള സമാധാന സംസ്കാരത്തിന്റെ സംസ്ഥാപനമാണ് മൗലാനയുടെ ജീവിത ദൗത്യം. പത്മഭൂഷൺ, ഡീമർഗ് പീസ് ഇന്റർ നാഷണൽ അവാർഡ് (സ്വിറ്റ്സർലാന്റ്), മുസ്‌ലിം സമൂഹത്തിനിടയിലെ സമാധാന പ്രയത്നങ്ങൾക്കുള്ള സയ്യിദുനാ ഇമാം അൽ ഹസൻ അവാർഡ് (ദുബൈ), രാജീവ് ഗാന്ധി സദ്ഭവന അവാർഡ് എന്നീ സമ്മതികൾ അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. ലോക ഇസ്‌ലാമിക ആദ്ധ്യാത്മികതയുടെ അംബാസിഡർ എന്ന് അദ്ദേഹത്തെ നമധേയം ചെയ്തിരിക്കുന്നു. ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്‌ലിം ചിന്തകരിൽ മൗലാനാ വഹീദുദ്ദീൻ ഖാനെ ജോർദാനിലെ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്റ്റഡി സെന്റർ ഉൾപ്പെടുത്തിയിരിക്കുന്നു. മൗലാനയുടെ ഗ്രന്ഥങ്ങൾ 16 ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുണ്ട്. ആറ് വിദേശ യൂണിവേഴ്സിറ്റിയിലെ പാഠ്യപദ്ധതിയുടെ ഭാഗമാണ് മൗലാനയുടെ ഗ്രന്ഥങ്ങൾ. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for peace and spirituality (CPS) എന്ന സംഘടനയുടെ സ്ഥാപകനാണ് മൗലാന വഹീദുദ്ദീൻ ഖാൻ.

..................................10

# ഏക സിവിൽകോട് ഒരു വിമർശന പഠനം

സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ ഏക സിവിൽകോഡ് എന്ന സങ്കൽപം ചർച്ചാ വിഷയമായിരുന്നു. സ്വാതന്ത്ര്യാനന്തരം അംഗീകരിക്കപ്പെട്ട ഭരണഘടനയുടെ വിശാലമായ പരിവീക്ഷണവൃത്തത്തിലാണ് ഈ വിഷയം ഇപ്പോൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. (ആർട്ടിക്കിൾ 44, ഏക സിവിൽ കോഡ്)

## ഭരണഘടനയുടെ അനാവശ്യദൈർഘ്യം

ഒരു രാഷ്ട്രത്തിന്റെ ഭരണം നിർവഹിക്കാനുള്ള മൗലിക തത്വങ്ങൾ പ്രതിപാദിപ്പിക്കുന്നതിനാണ് ഭരണഘടനയ്ക്ക് രൂപം നൽകുന്നത്. സർവശ്രേഷ്ഠമായൊരു നിയമ പ്രമാണമെന്ന നിലയിൽ ഇത് സംക്ഷിപ്തമാകേണ്ടതുണ്ട്. ഭരണഘടന എത്രത്തോളം ദൈർഘ്യമേറുന്നുവോ അത്രത്തോളം മർമപ്രധാനമായ വിവരങ്ങളുടെ വിശദീകരണങ്ങൾ നഷ്ടപ്പെടുകയും അതിന്റെ സ്വഭാവം ദേശീയ താല്പര്യങ്ങൾക്കനുരൂപമാക്കുന്നതിനു കൂടുതൽ ഭേദഗതികൾ അനിവാര്യമാകുകയും ചെയ്യും. കൈകാര്യം ചെയ്യാൻ ഇതെല്ലാം കൂടുതൽ പ്രയാസകരവും അപ്രാപ്യമാക്കുകയാണു ചെയ്യുക. ഈ നിലക്ക് ഇത് ആദരമർഹിക്കുന്ന ഒരു കാര്യമായി നിനിൽക്കുകയില്ല. ഈ ദൈർഘ്യവും സങ്കീർണതയും, സാധാരണ പൗരന്മാരെ ആശയക്കുഴപ്പത്തിലാക്കുകയാണ് ചെയ്യുന്നത്. അതു കാരണം, അവശ്യസന്ദർഭത്തിൽ പോലും അതിനെ അവലംബിക്കാൻ അവർ മടികാണിക്കുന്നു. നിയമ വിദഗ്ധർക്കു മാത്രമേ ഭരണഘടന മനസ്സിലാവുകയുള്ളൂ എന്ന് അവരോടു പറയപ്പെടുന്നതൊന്നും അവരുടെ ധർമസങ്കടം പരിഹരിക്കുകയില്ല.

ഇക്കാരണത്താലാണ് വിസ്കോൺസൺ സർവ്വകലാശാലയിലെ പ്രൊഫസറും അന്താരാഷ്ട്ര രംഗത്ത് ഭരണഘടനാ ശാസ്ത്രത്തിൽ വിദഗ്ധനുമായ പ്രൊഫ. ഡേവിജ് ഫെൽമാൻ തൊട്ട് ഇന്ത്യയിലെ വിഖ്യാത ഭരണഘടനാ വിദഗ്ധനുമായ നാനി പാൽക്കിപാലവരെയുള്ള പണ്ഡിതർ ഒരു സംക്ഷിപ്ത ഭരണഘടനയ്ക്ക് വേണ്ടി വാദിച്ചത്. ആധുനിക ലോകത്തെ മിക്ക വികസിത രാഷ്ട്രങ്ങളുടെയും ഭരണഘടനകൾ വളരെ സംക്ഷിപ്തമാണ്. ഉദാഹരണത്തിന്, വികസിത രാജ്യങ്ങളിലൊന്നായ യു.എസ്.എയുടെ ഭരണഘടന 7,000

വാക്കുകളുൾക്കൊള്ളുന്നതാണ്. അപ്രകാരം തന്നെ വികസിത രാജ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ജപ്പാലിനെ ഭരണഘടനയും വളറെ സംക്ഷിപ്തമാണ്. എന്നാൽ അവികസിത രാജ്യമായ ജോർജിയയുടെ പരിഷ്കരിച്ച ഭരണഘടനയിൽ 500,000 ഓളം വാക്കുകളടങ്ങിയിട്ടുണ്ട്. (ബ്രിട്ടാനിക്ക എൻസൈക്ലോപീഡിയം 5/85-86)

മറ്റ് നാടുകളെ അപേക്ഷിച്ച് ഏതാണ്ട് ദീർഘമേറിയ ഭരണഘടനയാണ് ഇന്ത്യയുടെത്. 12 ബൃഹത്തായ ഷെഡ്യൂളുകൾക്ക് പുറമെ, 395 ആർട്ടിക്കിളടങ്ങുന്നതാണിത്. ഓരോ ആർട്ടിക്കിളിനും ഉപ വിഭാഗങ്ങളുണ്ട്. 1949 നവംബർ തൊട്ട് ഇന്നേക്ക് നൂറോളം ഭേദഗതികൾക്ക് വിധേയമാവുകയും കൂടുതൽ ഭേദഗതികൾക്കും മുറവിളി നിലനിൽക്കുകയും ചെയ്യുന്നുവെന്ന വസ്തുത, ഇത്തരം ദീർഘമായ ഭരണഘടനകൾ അനുചിതമാണെന്നതിന് തെളിവാണ്. ഇതൊക്കെയായിട്ടുപോലും രാജ്യത്തെ പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുപൊകുന്നതിൽ ഈ ബൃഹത്തായ ഭരണഘടന പരാജയമാണ്.

ഇന്നത്തെ ഭരണഘടന കരടുരൂപം തയ്യാറാക്കിയ വേളയിൽ ഭരണഘടനാ അസംബ്ലിയുടെ പ്രസിഡണ്ട് ഡോ. രാജേന്ദ്രപസാദായിരുന്നു. (1946-49). 1949 നവംബർ 26ന് അദ്ദേഹം ഇതിൽ ഒപ്പുവെച്ചെങ്കിലും ഒരു പ്രമാണരേഖ ഇത്ര ദീർഘമേറിയതാക്കുന്നതിനോട് അദ്ദേഹം എതിരായിരുന്നു.

ഭരണഘടനാ അസംബ്ലിയിലെ വിടവാങ്ങൾ പ്രസംഗത്തിൽ, ഭരണഘടനയിൽ സർവം രേഖപ്പെടുത്തിവെക്കാനാവില്ലെന്ന് പറഞ്ഞ അദ്ദേഹം ആരോഗ്യകരമായ കൺവെൻഷനുകളുടെ വികാസത്തിൽ പ്രതീക്ഷ പുലർത്തുകയും ചെയ്തിരുന്നു. പക്ഷേ, അവ വളർന്നില്ലെന്ന് മാത്രമല്ല, ഭരണഘടനയിൽ എല്ലാം എഴുതിച്ചേർക്കുകയും ചെയ്തു. (ഹിന്ദുസ്ഥാൻ ടൈംസ് 1995 മെയ് 24)

അനാവശ്യമായ ആർട്ടിക്കിളുകളുടെ ഉൾപ്പെടുത്തലാണ് പലപ്പോഴും ഭരണഘടനയുടെ ക്രമാതീതമായ വലിപ്പത്തിന് കാരണമാകുന്നത്. ഇന്ത്യൻ ഭരണഘടനയിലും ഇത്തരം ധാരാളം ആർട്ടിക്കിളുകൾ അടങ്ങിയിട്ടുണ്ട്. സംസ്ഥാന നയങ്ങളുടെ നിർദേശകതത്വങ്ങൾക്ക് കീഴിൽ വരുന്ന പൊതു സിവിൽ കോഡിനെ സംബന്ധിക്കുന്ന ആർട്ടിക്കിൾ 44 ഇതിലൊന്നാണ്. ഇന്ത്യയിലെ പ്രദേശങ്ങളിൽ മുഴുവൻ പൗരന്മാർക്കും വേണ്ടി ഒരു ഏക സിവിൽകോഡ് ഉറപ്പുവരുത്തുന്നത് സംസ്ഥാനങ്ങളുടെ ബാധ്യതയാണെന്നാണ് ഇത് പ്രസ്താവിക്കുന്നത്.

രാജ്യത്തെ മുഴുവൻ പൗരന്മാർക്കും ഏകീകൃത വസ്ത്രരീതിയോ ഭക്ഷണ രീതിയോ ഉണ്ടാക്കാൻ സംസ്ഥാനങ്ങൾ ശ്രമിക്കണമെന്ന് പറയുന്നത് ഭരണഘടനാ വിരുദ്ധമായൊരു നിയമമാണ്. സ്ത്രീകളും പുരുഷന്മാരും കുട്ടികളുമെല്ലാമടങ്ങിയ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരേ തരം ഭക്ഷണം കഴിക്കുന്നതും ഒരേ തരം വസ്ത്രം ധരിക്കുന്നതും അസാധ്യമാണെങ്കിൽ ഇന്ത്യയെപ്പോലൊരു വലിയ രാജ്യത്ത് ഉടനീളം ഒരേ വിവാഹച്ചടങ്ങുകൾ നടപ്പാക്കണമെന്നതും അസാധ്യമാണ്. ഇക്കാര്യം നടപ്പാക്കാൻ നിയമമുണ്ടെങ്കിൽ പോലും.

ജനങ്ങളുടെ വ്യക്തിജീവിതത്തിലെ രുചികളെയും അഭിരുചികളെയും ഏകപക്ഷീയമായി അടിച്ചമർത്തി ഏകീകൃതരൂപം കൊണ്ടുവരാനുള്ള ശ്രമത്തിനു പകരം രാഷ്ട്രം നയനിലപാടുകൾ അടിസ്ഥാനമാകേണ്ട മൗലികതത്വങ്ങൾ വ്യക്തമാക്കുകയാണു ഭരണഘടന ചെയ്യേണ്ടത്.

പക്ഷേ, ഒരിക്കൽ അച്ചടിക്കപ്പെട്ട എന്തിനെയും അലംഘനീയമായി പരിഗണിക്കുകയെന്നത് ജനങ്ങളുടെ പ്രവണതയാണ്. ഭരണഘടനയുടെ ഈ വകുപ്പിലും ഇത തന്നെയാണു സംഭവിച്ചത്. അതു കാരണമാണു രാജ്യത്തുടനീളം പാർലമെന്റ് ഉത്തരവിലൂടെ ഏക സിവിൽകോഡ് നടപ്പാക്കണമെന്ന മുറവിളി നാം കേൾക്കുന്നത്.

# നെഹ്റു റിപ്പോർട്ട്

രാജ്യത്തുടനീളം ഒരു പൊതുസിവിൽ കോഡ് വേണമെന്ന ആവശ്യത്തെക്കുറിച്ചുള്ള ആലോചനയ്ക്ക് നീണ്ട ചരിത്രമുണ്ട്. 1928ൽ നെഹ്റു റിപ്പോർട്ടിലായിരുന്നു ഈ ആവശ്യം ആദ്യമായി പ്രകടിപ്പിച്ചത്. വിഖ്യാത നിയമ വിദഗ്ധനായ മോത്തിലാൽ നെഹ്റു സ്വതന്ത്ര ഇന്ത്യക്ക് വേണ്ടി മുൻകൂറായി തയ്യാറാക്കിയ കരട് ഭരണഘടനയായിരുന്നു വാസ്തവത്തിൽ ഈ റിപ്പോർട്ട്. സ്വതന്ത്ര ഇന്ത്യയിൽ വിവാഹവുമായി ബന്ധപ്പെട്ട സർവകാര്യങ്ങളും രാജ്യത്തെ ഒരു ഏകീകൃത നിയമത്തിന് കീഴിലായിരിക്കണമെന്ന നിർദ്ദേശം അതിലടങ്ങിയിരുന്നു. അന്നത്തെ പണ്ഡിതന്മാർ ഇതിനെ ശക്തമായി എതിർത്തു. ബ്രിട്ടീഷ് ഭരണകൂടം പോലും പ്രസ്തുത റിപ്പോർട്ട് തിരസ്കരിക്കുകയാണ് ചെയ്തത്. കാരണം ഇന്ത്യക്ക് സ്വയം ഭരണപദവി നൽകണമെന്നും അതിൽ നിർദ്ദേശിക്കുന്നുണ്ട്. ബ്രിട്ടീഷുകാർക്ക് തീർത്തും അസ്വീകാര്യമായരുന്നു ഇത്.

1939ൽ പ്രസ്തുത വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കോൺഗ്രസ് ലാഹോറിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടി. നെഹ്റു റിപ്പോർട്ടിന്റെ പ്രായോഗിക വശങ്ങൾ ചർച്ച ചെയ്തുവെങ്കിലും അപ്രായോഗികമെന്നു കണ്ട് തള്ളിക്കളയുകയാണുണ്ടായത്.

# സുപ്രിം കോടതി വിധി

1985ന് ശേഷം സുപ്രിംകോടതി ജഡ്ജിമാർ തങ്ങളുടെ വിധി ന്യായങ്ങളിൽ പരാമർശിക്കാൻ തുടങ്ങിയതോടെയാണ് ഏകസിവിൽ കോഡ് പുതിയൊരു മാനം കൈവരിച്ചത്. കോടതി ഈ വിഷയത്തിൽ ഇടപെടൽ തുടങ്ങിയത് 1985ൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്ന വൈ.വി. ചന്ദ്രചൂഡിന്റെ വിധി പ്രസ്താവത്തോടെയാണ്. ഷാബാനു-മുഹമ്മദ് അഹ്മദ് കേസിന്റെ വിധിവിജ്ഞാപനത്തിലായിരുന്നു ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 44 അനുവദിച്ചിട്ടുള്ള നിയമനിർമാണം കാലത്തിന്റെ ആവശ്യമാണെന്നും ഒരു പൊതു സിവിൽ കോഡ് ദേശീയോദ്ഗ്രഥനത്തിന് സഹായകമാണെന്നും അദ്ദേഹം ചിന്തിച്ചത്. തുടർന്ന് 1985ൽ സമാനമായ മറ്റൊരു കേസ് കൈകാര്യം ചെയ്ത സുപ്രിംകോടതി ജസ്റ്റിസ് ചിന്നപ്പറെഡ്ഡി ഇപ്രകാരം പ്രസ്താവിച്ചു."ഒരു പൊതു ഏകീകൃത സിവിൽ കോഡിന്റെ അടിയന്തിരവും നിർബന്ധവുമായ അനിവാര്യതയിൽ ഊന്നുന്ന ഒരു കേസാണ് ഇത്..."

ഇക്കാര്യം തന്നെയായിരുന്നു 1995 മെയിൽ ജസ്റ്റിസുമാരായ കുൽദീപ സിംഗ്, ആർ.എം. സാഹായ് എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ച് കൂടുതൽ വിശദമായും ഏറെ ഊന്നലോടെയും പറഞ്ഞത്. അവരുടെ വിധിയിൽ സൂചിപ്പിച്ചു: ഒരു ഏകീകൃത വ്യക്തിനിയമം നടപ്പിലാക്കുക എന്നത് ദേശീയ അഖണ്ഡതയിലേക്കുള്ള നിർണായക ചുവടുവയ്പാണ്.... രാജ്യത്ത് ഒരു ഏകീകൃത വ്യക്തിനിയമം നടപ്പാക്കുന്നതിൽ അനിശ്ചിതമായ കാലവിളംബം വരുത്തുന്നതിൽ ഒരു തരത്തിലുള്ള ന്യായീകരണവുമില്ല. (പേ. 22)

## ഭരണഘടനിയിലെ 44-ാം ആർട്ടിക്കിൾ

ഭരണഘടനയിലെ 44-ാം ആർട്ടിക്കിളുമായി ബന്ധപ്പെട്ടാണ് മുകളിൽപ്പറഞ്ഞതെല്ലാം.... ഭരണനിർവ്വഹണ നയത്തിന്റെ നിർദേശിക തത്വങ്ങൾക്ക് കീഴിൽ ഭരണഘടനയുടെ നാലാം ഭാഗത്തുള്ള വകുപ്പുകൾ ഒരു നിയമ കോടതി മുഖേന നടപ്പാക്കാൻ പറ്റുന്നതല്ലെന്നും അവ പൂർണമായും ഭരണകൂടവും സംസ്ഥാനവുമായി ബന്ധപ്പെട്ടതാണെന്നും 37-ാം വകുപ്പിൽ സ്പഷ്ടമായി പറയുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ആർട്ടിക്കിൾ 44ൽ സുപ്രിംകോടതി ജഡ്ജിമാരുടെ കൈകടത്തൽ അനുചിതമാണ്.

അതിനാലാണ് ജനദാതൾ ഈ വിധിയെ ഇപ്രകാരം അപലപിച്ചത്. "പാർലമെന്റിന്റെ നിയമ നിർമാണത്തിന് മേലുള്ള ജുഡീഷ്യൽ അതിലംഘനമാണിത്." (The Pioneer May 15, 1995)

ഈ പാശ്ചാത്തലത്തിൽ പ്രസ്തുത വിധിയെക്കുറിച്ച് 1995 മെയ് 12 ന് ഹുന്ദുസ്ഥാൻ ടൈംസിന്റെ എഡിറ്റോറിയൽ പ്രതികരണം ഇപ്രകാരമായിരുന്നു. "മാലാഖമാർ പോലും കാല് കുത്താൻ ഭയക്കുന്ന യുദ്ധഭൂമിയിലേക്ക് കുതിക്കാനുള്ള പ്രവണതയാണ് സമീപകാലത്തായി ഇന്ത്യയിലെ സുപ്രീംകോടതി പ്രകടിപ്പിച്ചത്."

ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഒരു ഏകീകൃത സിവിൽകോഡ് നടപ്പിൽ വരുത്തൽ ഗവൺമെന്റിന്റെ പ്രത്യേകാവകാശമാണ്. 1956 -ൽ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രയായിരുന്ന ജവഹർലാൽ നെഹ്റു ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുകയുണ്ടായി. "ഇപ്പോൾ ഇന്ത്യയിൽ അതു മുന്നോട്ടുവെക്കാനുള്ള സമയമായി എന്ന് ഞാൻ കരുതുന്നില്ല."

പ്രധാന മന്ത്രിയായ കാലത്ത് ഇന്ദിരാഗാന്ധിയും നരസിംഹറാ

വുവും പ്രകടിപ്പിച്ചത് ഈ വീക്ഷണമായിരുന്നു. (ദ ഹിന്ദുസ്ഥാൻ ടൈംസ്, ദി ടൈംസ് ഓഫ് ഇന്ത്യ - 1995 ജൂലായ് 28) ഏക സിവിൽകോഡ് പ്രായോഗികമായി നടപ്പാക്കാൻ അധികാരമുള്ളവർ അതിൽ താല്പര്യമെടുക്കാതിരിക്കുമ്പോഴും യാതൊരു അധികാര വുമില്ലാത്തവർ അത് നിയമിക്കാൻ വേണ്ടി അലറുന്നത് എത്രമാത്രം വിചിത്രമാണ്! ഈ വാക്കു കസർത്തുകൾ സമയം പാഴാക്കൽ മാത്ര മാണെന്ന് തീർച്ച.

## മതസ്വാതന്ത്ര്യം അലംഘനീയമായ അവകാശം

ഭരണഘടനയുടെ 44-ാം ആർട്ടിക്കിൾ അനുസരിച്ച് ഒരു ഏകീകൃത സിവിൽ കോഡിന് വേണ്ടി വാദിക്കുന്നവർ. അതേ ഭരണഘടനയിൽത്തന്നെ ആർട്ടിക്കിൾ 44നു വിരുദ്ധമായ ആർട്ടിക്കിൾ ഉൾക്കൊള്ളുന്നുവെന്ന വസ്തുത പലപ്പോഴും ചിന്താക്കാറില്ല. ആർട്ടിക്കിൾ 25 അനുസരിച്ച്, "മനഃസാക്ഷി സ്വാതന്ത്ര്യത്തിനും മതം സ്വതന്ത്രമായി സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും എല്ലാ പൗരന്മാർക്കും തുല്യ അവകാശമുണ്ട്."

ഒരാൾ തെരഞ്ഞെടുക്കുന്ന മതവും അത് പ്രാവർത്തികമാക്കുന്ന രീതിയും ബന്ധപ്പെട്ട വ്യക്തിയുടെയോ വിഭാഗത്തിന്റെയോ ഉൾപ്രേരണയെ ആശ്രയിച്ചാണ്. അതുകൊണ്ടാണ് ആർട്ടിക്കിൾ 25ന്റെ ഒന്നാം വിശദീകരണം സ്പഷ്ടമായി പറയുന്നുത്. "കൃപാണം ധരിക്കുന്നതും, കൊണ്ടു നടക്കുന്നതും, സിഖ് മതത്തിന്റെ അനുഷ്ഠാന ഭാഗമായി ഉൾപ്പെടുന്നു."

"സാംസ്കാരിക-വിദ്യാഭ്യാസ അവകാശങ്ങൾ എന്ന തലക്കെട്ടിൽ ഭരണഘടന ഇപ്രകാരം പറയുന്നുണ്ട്. "ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്തെ പ്രവിശ്യയിൽ താമസിക്കുന്ന, സ്വന്തമായ ഭാഷയും എഴുതത്തു ലിപിയും സംസ്കാരവുമുള്ള ഏത് വിഭാഗം പൗരന്മാർക്കും അവ നിലനിർത്താനും സംരക്ഷിക്കാനുമുള്ള അവകാശമുണ്ടായിരിക്കും." (29-ാം വകുപ്പ്)

മാത്രമല്ല, മതസ്വാതന്ത്ര്യം അനുവദിക്കുന്ന ആർട്ടിക്കിൾ 25 ഭരണഘടനയിൽ പൗരന്മാരുടെ മൗലികാവകാശങ്ങൾ വിശദീകരിക്കുന്ന ഭാഗത്താണുള്ളതെങ്കിൽ ആർട്ടിക്കിൾ 44 പ്രത്യക്ഷപ്പെടുന്നത് നിർദ്ദേശിക തത്വങ്ങളിൽ മാത്രമാണ്. ഭരണഘടനയുടെ 37-ാം വകുപ്പനുസ

രിച്ച് നിർദ്ദേശിക തത്വങ്ങളിലെ വകുപ്പുകൾ മൗലികാവകാശങ്ങളുടെ വകുപ്പുകളെ ആശ്രയിച്ചാണിരിക്കുന്നത്.

ഈ സാഹചര്യത്തിൽ ഒരു ഏക സിവിൽകോഡ് നിയമമാക്കാൻ ഭരണകൂടം നിയമനിർമാണം നടത്തണമെന്ന ആവശ്യത്തെ പിന്തുണക്കാനായി ആർട്ടിക്കിൾ 44 നെക്കുറിച്ച് പരിശോധിക്കുന്നത് ഭരണഘടനയുടെ തത്വത്തിനു തന്നെയും എതിരാണ്. ഇത്തരം നിയമങ്ങൾ മതകാര്യങ്ങളിലുള്ള അന്യായമായ കൈകടത്തലാണെന്ന ബോധമുള്ള ഒരു വിഭാഗം രാജ്യത്ത് നിലനിൽക്കുന്ന കാലത്തോളം ഇത്തരം നിയമനിർമാണം ഭരണഘടനാപരമായി അസാധ്യമാണ്. ഇനി ഏതെങ്കിലുമൊരു പാർലമെന്റ് ഇത്തരമൊരു നിയമം നടപ്പാക്കുകയും ഏതെങ്കിലുമൊരു മതവിഭാകം ഇതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുകയും ചെയ്താൽ ഭരണഘടനയുടെ സംരക്ഷകനെന്ന നിലയിൽ തീർച്ചയായും കോടതിക്ക് അത് ദുർബലമാക്കേണ്ടിവരും.

മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഭരണഘടനയിലെ ആർട്ടിക്കിൾ നിസ്സാരകാര്യമല്ല. 1948ൽ ഐക്യരാഷ്ട്രസഭ പുറത്തിറക്കിയ ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിന് തുല്യമായ രീതിയിലാണ് ഇതു തയ്യാറാക്കപ്പെട്ടത്.

ഓരോ പൗരനും മതസ്വാതന്ത്ര്യം അനുഭവിക്കാൻ അവകാശമുണ്ടെന്ന് ഈ പ്രഖ്യാപനത്തിലെ 14-ാം ആർട്ടിക്കിൾ ഉറപ്പ് നൽകുന്നു. അഥവാ അവനു മതം മാറാനും, ഇഷ്ടമുള്ള മതം പിൻപറ്റാനും സ്വാതന്ത്ര്യമുണ്ടായിരിക്കും. ഒരു രാജ്യമെന്ന നിലയിൽ ഈ പ്രഖ്യാപനത്തെ അംഗീകരിച്ച് ഇന്ത്യയും ഒപ്പുവെച്ചിട്ടുണ്ട്. അതിനാൽ, മതസ്വാതന്ത്ര്യമെന്നത് ഒരു സാഹചര്യത്തിലും അസാധുവാക്കാനോ എടുത്തുകളയാനോ സാധിക്കാത്ത ഇന്ത്യയിലെ ഓരോ പൗരന്റെയും അവകാശമാണ്.

# മതവും വ്യക്തിനിയമവും

നേരത്തേ സൂചിപ്പിച്ച സുപ്രിംകോടതി രണ്ടംഗ ബഞ്ചിന്റെ 31 പേജടങ്ങിയ വിധി പ്രഖ്യാപനത്തിൽ 1995 മെയ് ഇത്തരമൊരു നിയമത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് ഇപ്രകാരം പ്രസ്താവിച്ചു കൊണ്ടാണ്.

“ഒരു പരിഷ്കൃത സമൂഹത്തിൽ മതവും വ്യക്തിനിയമവും തമ്മിൽ അനിവാര്യമായൊരു ബന്ധമില്ലെന്ന സങ്കൽപത്തിന്മേലാണ് ആർട്ടിക്കിൾ 44ന്റെ അടിസ്ഥാനം. ആർട്ടിക്കിൾ 25 മതസ്വാതന്ത്ര്യം ഉറപ്പു നൽകുമ്പോൾ മതത്തെ സാമൂഹിക ബന്ധങ്ങളിൽ നിന്നും വ്യക്തി നിയമങ്ങളിൽ നിന്നും വേർതിരിക്കാനാണ് ആർട്ടിക്കിൾ 44 ശ്രമിക്കുന്നത്.”

തികച്ചും അടിസ്ഥാന ശൂന്യമാണിത്. എല്ലാ മതത്തിന്റെയും പണ്ഡിതന്മാരുടെ പൊതുവീക്ഷണമനുസരിച്ച് മതം സ്പഷ്ടമായും മൂന്ന് കാര്യങ്ങളോടാണ് ബന്ധപ്പെട്ടു കിടക്കുന്നത്: വിശ്വാസം, ആരാധന, സദാചാര മൂല്യങ്ങൾ. സദാചാര മൂല്യങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീ- പുരുഷന്മാർക്കിടയിലെ ഏത് രീതിയിലുള്ള ലൈംഗിക ബന്ധങ്ങളും പട്ടികയിൽ പ്രഥമസ്ഥാനത്തു വരണം. കാരണം വിവാഹം ഒരു സാദാചാര വിഷയമാണെന്നതിൽ തർക്കമില്ല. അതിനാലാണ് അത് മതത്തിന്റെ അവിഭാജ്യ ഘടകമായിത്തീരുന്നത്.

മതവും വ്യക്തിനിയമവും തമ്മിലുള്ള ഈ ബന്ധം തികച്ചും സ്പഷ്ടമാണ്. കാരണം, ഇതേ വിധിയിൽത്തന്നെ ഇക്കാര്യം പുറത്തുവിടാൻ ഡിവിഷൻ ബഞ്ച് നിർബന്ധിതരായിത്തീരുന്നുണ്ട്. മറ്റൊരു വിധി പ്രഖ്യാപനത്തിൽ ജസ്റ്റിസ് ആർ.എൻ. സാഹായ് പ്രസ്താവിക്കുന്നു.

"വിവാഹം, അനന്തരാവകാശം, വിവാഹമോചനം, മതംമാറ്റം തുടങ്ങിയവ സ്വഭാവത്തിലും ഉള്ളടക്കത്തിലും മറ്റ് വിശ്വാസ കാര്യങ്ങൾ പോലെത്തന്നെ മതപരമായ സംഗതികളാണ്. ഏഴുതവണ അഗ്നിപ്രദക്ഷിണം ചെയ്യുകയെന്നതും ഒരു ഖാസിക്ക് മുന്നിൽ സാകൂതം നിൽക്കുകയെന്നതും ആരാധനപോലെത്തന്നെ വിശ്വാസത്തിന്റെയും മനഃസാക്ഷിയുടെയും ഭാഗമാണ്.

വിവാഹമെന്ന കാര്യത്തെ മതത്തിൽ നിന്നു വേർതിരിച്ചു നിർത്താൻ മാത്രം ശക്തമായ ന്യായങ്ങളൊന്നും തന്നെയില്ല എന്നതാണ് വസ്തുത. ഭരണഘടനയുടെ ആർട്ടിക്കിൾ 25 പ്രകാരം വിവാഹവും വിവാഹമോചനവും മതത്തിന്റെ കാര്യങ്ങളാണെങ്കിൽ, ഏതെങ്കിലും വിഭാഗത്തിൽനിന്ന് ഈ സ്ഥാപിത അവകാശം തട്ടിയെടുക്കാൻ പാർലമെന്റിനോ മറ്റ് സ്ഥാപനങ്ങൾക്കോ ഒരധികാരവുമില്ല. ഈ വകുപ്പനുസരിച്ച് ഇത്തരമൊരു നിയമം നടപ്പിലാക്കുന്നത് മതവിഷയങ്ങളിൽ ഇടപെടുന്നതിനു തുല്യമാകും.

# പൊതുനിയമവും ദേശീയ ഐക്യവും

എന്താണ് പൊതു സിവിൽ കോഡിന്റെ ലക്ഷ്യം? ഒരു പൊതു നിയമത്തിന് വേണ്ടി മാത്രം പൊതുനിയമം നടപ്പാക്കണമെന്ന് ബുദ്ധി യുള്ള ഒരു മനുഷ്യനും പറയില്ല. അപ്പോൾ ഇതിന്റെ പിന്നിലുള്ള യഥാർത്ഥ ഉദ്ദേശ്യമെന്താണ്?

ഇത് ഒരുമ നിലനിർത്താൻ സഹായകമായ ഒരു ബോധം സൃഷ്ടി ക്കുമെന്നും അതു ഫലത്തിൽ ദേശീയബോധത്തിലേക്ക് വഴിതെ ളിയിക്കുന്ന മാധ്യമമായിത്തീരുമെന്നുമാണ് പൊതു നിയമത്തിന്റെ വാക്താക്കൾ അവകാശപ്പെടുന്നത്.

അഥവാ, ഒരു പൊതുനിയമം വ്യത്യസ്ത സമൂഹങ്ങൾക്കിടയിൽ പൊതുവികാരം സൃഷ്ടിക്കും. അതുവഴി അരനൂറ്റാണ്ടുകാലമായി നാം കാത്തിരിക്കുന്ന സുശക്ത രാഷ്ട്രം നിലവിൽ വരും.

പൊതുനിയമം, പൊതുവികാരം തുടങ്ങിയ പ്രയോഗങ്ങൾ 'പൊതു' എന്ന വാക്ക് പങ്കുവെക്കുന്നു എന്നതിനാൽ, അവ വളരെ അടുത്ത ബന്ധമുള്ളവയാണെന്ന ഒരു വിശ്വാസമുണ്ട്. എന്നാൽ ഈ വീക്ഷണം തള്ളിക്കളയാനാണ് ഇതു സംബന്ധമായ വസ്തുതകൾ ഒരാളെ നിർബന്ധിക്കുന്നത്.

## ജസ്റ്റിസ് കുൽദീപ് സിംഗിന്റെ വിധി

"ഹിന്ദുവിവാഹ നിയമം 1955, ഹിന്ദു പിന്തുടർച്ചാ നിയമം 1956, ഹിന്ദു ന്യൂനപക്ഷ സംരക്ഷണ നിയമം 1956, ഹിന്ദു ദത്തവകാശ സംരക്ഷണ നിയമം 1956 എന്നീ രൂപങ്ങളിൽ ഹിന്ദു നിയമം ഭരണ കൂടം ക്രോഡീകരിച്ചിട്ടുണ്ട്. വ്യത്യസ്ത ചിന്താധാരകളെയും വേദ ങ്ങളെയും അടിസ്ഥാനമാക്കിയുണ്ടായിരുന്ന പരമ്പരാഗത ഹിന്ദുനി യമം ഇതോടെ ഒരു ഏകീകൃത നിയമത്തിന് വഴിമാറി. 80% ലേറെ വരുന്ന പൗരന്മാർ ഈ ഏകീകൃത വ്യക്തി നിയമത്തിന് കീഴിൽ വന്നി ട്ടുണ്ടെങ്കിൽ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ഒരു ഏകീകൃത സിവിൽ കോഡ് നടപ്പാക്കാതെ നിർത്തുന്നതിൽ ഒരു തരത്തിലുള്ള ന്യായീകരവുമില്ല." (പേ. 2)

അദ്ദേഹം വീണ്ടും എഴുതുന്നു.

"ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 44 അനുസരിച്ച്. ഭരണ ഘടനയുടെ നിർമാതക്കളുടെ ഉത്തരവ് നടപ്പാക്കാൻ ഇപ്പോഴത്തെ ഭരണകൂടം എത്രമാത്രം കാലതാമസമെടുക്കുമെന്നത് ആശ്ചര്യകര മാണ്. അനന്തരാവകാശം, പിന്തുടർച്ചാവകാശം, വിവാഹം തുടങ്ങി യവയെ നിയന്ത്രിക്കുന്ന പരമ്പരാഗത ഹിന്ദുനിയമം- ഹിന്ദുക്കളുടെ വ്യക്തി നിയമം - (1956), 1956ലെ ക്രോഡീകരണത്തോടെ അവസാ നിച്ചു. രാജ്യത്ത് ഒരു ഏകീകൃത വ്യക്തിനിയമം നടപ്പാക്കുന്നതിൽ അനിശ്ചിതമായ കാലവിളംബം വരുത്തുന്നത് എന്തു തന്നെയായാലും ഒരു ന്യായീകരണവുമില്ല. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും കാര്യത്തിലേതുപോലെ തന്നെ വിവാഹം, പിന്തുടർച്ചാവകാശം തുട ങ്ങിയവയുമായി ബന്ധപ്പെട്ട ഹിന്ദു വ്യക്തിനിയമത്തിനു മതപരമായ

സ്ഥാനമുണ്ട്. ഹിന്ദുക്കളും സിക്കുകാരും ബുദ്ധരും ജൈനരും ദേശീയ ഐക്യത്തിനും ഉദ്ഗ്രന്ഥത്തിനും വേണ്ടി തങ്ങളുടെ വികാരങ്ങൾ മാറ്റിവെച്ചപ്പോൾ ഇന്ത്യയിൽ ആകമാനം ഒരു പൊതു സിവിൽ കോഡ് സ്ഥാപിക്കാൻ ഭരണകൂടം ആജ്ഞാപിക്കുന്നുണ്ടെങ്കിലും മറ്റു ചില സമുദായങ്ങൾ അതിനു തയ്യാറാകുന്നില്ല." (പേ. 21-22)

രാജ്യത്തെ മഹാഭൂരിപക്ഷം (80 ശതമാനത്തിലേറെ) ഒരു പൊതു കുടുംബ/ സിവിൽ നിയമത്തിന് കീഴിൽ വന്നുകഴിഞ്ഞിട്ടുണ്ടെന്നാണ് ജസ്റ്റിസ് കുൽദീപ് സിംഗിന്റെ അഭിപ്രായം. 80 ശതമാനം ജനങ്ങളുടെ മേൽ ഇപ്പോൾത്തന്നെ നടപ്പാക്കിക്കഴിഞ്ഞ കുടുംബ നിയമത്തിന്റെ വിപുലീകരണമെന്ന നിലയിലാണ് സമ്പൂർണമായൊരു ഏകീകൃത വ്യക്തിനിയമത്തിന് വേണ്ടി ഇപ്പോൾ ശക്തമായ വാദങ്ങൾ ഉയരുന്നത്. എന്നാൽ ഇത്തരം ഒരു മഹാഭൂരിപക്ഷം ജനം യഥാർത്ഥത്തിൽ നിർദ്ദിഷ്ട നിയമത്തിനു കീഴിൽ വന്നിട്ടുണ്ടെങ്കിൽ, ഈ ഏകീകൃത സിവിൽ കോഡിന് ചാർത്തപ്പെട്ട അനുകൂലമായ ഫലങ്ങളെവിടെയെന്ന് അന്വേഷിക്കുന്നത് പ്രസ്ക്തമായിരിക്കും.

എല്ലാ തലത്തിലും ദേശീയ ഐക്യത്തിന്റെ അഭാവമാണ് നമുക്കു ചുറ്റും കാണാൻ കഴിയുന്നത്. ദേശീയ സ്വഭാവം എന്നതു തന്നെ നിലനിൽക്കുന്നില്ല. നിയന്ത്രണ വിധേയമല്ലാത്ത രംഗങ്ങളാണ് അസംബ്ലിയിലെയും പാർലമെന്റിലെയും സെഷനുകളിൽ കാണാൻ കഴിയുന്നത്. നടപടി ക്രമങ്ങൾ പോലും തുടർന്നു കൊണ്ടു പോകാനാവാത്ത അസ്ഥകളുണ്ടായിത്തീരുന്നു. പലപ്പോഴും ഗ്രാമപഞ്ചായത്തുകളിൽ വരെ മുമ്പെങ്ങുമില്ലാത്ത വിധം തർക്കങ്ങളാണ്. ഇത്തരം കേസുകളാണ് കോടതികൾ നിറയെ. വ്യത്യസ്ത മതസമൂഹങ്ങൾക്കിടയിലുള്ളതിനെക്കാൾ കൂടുതലാണ് ഒരേ സമുദായത്തിൽ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ. വിഭജന വാദത്തിന്റെ അക്രമോത്സുക പ്രവർത്തനങ്ങൾ പല സംസ്ഥാനങ്ങളിലും അരങ്ങേറുന്ന വിധത്തിൽ പ്രാദേശിക തർക്കങ്ങൾ പരിധി വിട്ടിരിക്കുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സിവിൽ നിയമം ഒന്നുതന്നെയെന്നത് വേറെ കാര്യം. ജനങ്ങൾ തമ്മിലുള്ള ഇത്തരം ഏറ്റുമുട്ടലുകൾ മൂലം രാജ്യത്തിന്റെ സുസ്ഥിരത ഗുരുതരമായ അപകടം നേരിടുകയാണ്.

യഥാർത്ഥ പ്രശ്നം സുപ്രിംകോടതി ജഡ്ജിമാർ കണ്ടെത്തുന്ന

തുപോലെ ഒരു പൊതുനിമയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടതല്ല. യാതൊരു അനുകൂല ഫലവും ഈ നടപ്പാക്കൽ നൽകുകയുമില്ല. അപ്പോൾ നാം ചെയ്യേണ്ടത് ഇപ്പോൾ തന്നെ പരാജയപ്പെട്ടു കഴിഞ്ഞ ഒരു തന്ത്രത്തിനു വേണ്ടി നിഷ്ഫലമായി നമ്മുടെ സമയം പാഴാക്കുന്നതിനു പകരം മറ്റൊരു പ്രവർത്തനഗതി സ്വീകരിക്കുകയാണെന്നതാണ്.

## സമൂഹത്തിലെ ശൈഥല്യം: ബ്രിട്ടീഷ് പാരമ്പര്യം

ഇന്ന് ചർച്ചചെയ്യപ്പെടുന്ന'പൊതു വികാരം' എന്ന സംഗതി നൂറ്റാണ്ടുകളായി നമ്മുടെ രാജ്യത്ത് നിലനിന്നിട്ടുണ്ട്. ഒരു പൊതു സിവിൽ നിയമം പോലുള്ള ഒന്നുമില്ലാതിരിന്നിട്ടും അക്കാലത്ത് രാജ്യത്തെ വിവിധ മത സമൂഹങ്ങൾ സൗഹാർദത്തോടെ ജീവിച്ചു. ഓരോ സമൂഹത്തിനും സ്വന്തമായ സംസ്കാരികാസ്തിത്വം ഉണ്ടായിരുന്നു. സ്വന്തം മത പാരമ്പര്യം അനുസരിച്ചാണ് അവർ വൈവാഹിക കർമ്മങ്ങൾ നടത്തിയത്. അന്നും ദേശീയ ഐക്യം പൂർണാർത്ഥത്തിൽ നിലനിന്നിരുന്നു.

ഇന്ത്യൻ സാമൂഹത്തിന്റെ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടിയത് ഒരു പൊതു നിയമത്തിന്റെ അഭാവം മൂലമായിരുന്നില്ല. മറിച്ച് മുൻ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നയം മൂലമായിരുന്നു. മുൻ ലഫ്റ്റനന്റ് ജനറൽ കോക്ക് ഈ പദ്ധതിയെ ഇപ്രകാരം ആവിഷ്കരിച്ചു. "ഭിന്നിപ്പിക്കുക, ഭരിക്കുക" (Divide and Rule)

1862-63 കാലത്ത് ജെയിംസ് ബ്രൂസ് എൽജിൻ ഇന്ത്യൻ വൈസ്രോയിയായിരിക്കുമ്പോഴാണ് അനഭിലഷണീയമായ സാഹചര്യങ്ങൾ രാജ്യത്തു സൃഷ്ടിക്കപ്പെട്ടത്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ആഭ്യന്തര സെക്രട്ടറിയിയാരുന്ന വുഡ് ലണ്ടനിൽ നിന്ന് ദൽഹിയിലെ വൈസ്രോയിക്ക് ഒരു കത്തെഴുതി.

"ഇന്ത്യയിൽ നാം നമ്മുടെ അധികാരം നിലനിർത്തിയത് ഒരു വിഭാഗത്തിനെതിരെ മറുവിഭാഗത്തെ ഉപയോഗിച്ചു കൊണ്ടാണ്. നാമത് തടുരുക തന്നെ വേണം. അതിനാൽ, എല്ലാവരിലും ഒരു പൊതുവികാരമുണ്ടാകുന്നത് തടയാൻ നിങ്ങൾക്ക് സാധിക്കുന്നതെല്ലാം ചെയ്യണം..."

ബ്രിട്ടീഷ് ഭരണാധികാരികളുടെ ഈ ആസൂത്രിതമായ നയമായിരുന്നു ഇന്ത്യയിൽ നിലനിന്നുപോന്ന പൊതു ദേശീയ ബോധം ശിഥിലമാകാൻ കാരണമായത്. ജനങ്ങൾക്കിടയിൽ വിദ്വേഷമുണർത്താൻ എല്ലാ അവസരങ്ങളും അവർ ചൂഷണം ചെയ്തു. ഭരണകൂടത്തിന്റെ എല്ലാ വിഭവങ്ങളും ഉപയോഗിച്ചു പരസ്പര സ്പർധയുടെ ഒരു കൃത്രിമാന്തരീക്ഷം അവർ വളർത്തി. ദൗർഭാഗ്യകരമെന്നു പറയട്ടെ സ്വാതന്ത്ര്യത്തിനു ശേഷവും ഈ അഗ്നി കെടുത്താൻ നമുക്ക് സാധിക്കാതെ ഇന്നും നീറിക്കൊണ്ടിരിക്കുകയാണ്. പൊതു വികാരത്തിന്റെ അഭാവത്തിനു യഥാർത്ഥ ഹേതു ഇതാണ്. ഒരു പൊതു സിവിൽ കോഡിന്റെ സാന്നിധ്യത്തിനോ അഭാവത്തിനോ ഇതുമായി യാതൊരു ബന്ധവുമില്ല.

# പൊതുനിയമം ഐക്യം സാധ്യമാക്കില്ല

ഒരു പൊതു സിവിൽ കോഡിന് ദേശീയ ഐക്യവുമായോ ദേശീയതുമായോ ഒരു തരത്തിലും ബന്ധമില്ല. ഒരേ സിവിൽ കോഡ് പിന്തുടർന്നാൽ തന്നെ പലപ്പോഴും പരസ്പരം പോരടിക്കാറുണ്ട്. ഉദാഹരമായി, ഒരേ സിവിൽ കോഡ് ഉണ്ടായിരുന്നിട്ടും കൗരവരും പാണ്ഡവരും പരസ്പരം നടത്തിയ വൻ യുദ്ധമാണ് മഹാഭാരതയുദ്ധമെന്നറിയപ്പെടുന്നത്. ഇപ്പോൾ വരാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് ഏക സിവിൽകോഡ് നടപ്പാക്കാൻ ഇന്ത്യയിലെ രണ്ടു പ്രമഖ രാഷ്ട്രീയ മുന്നണികളും മുറവിളികൂട്ടുകയാണ്.

ഒന്നാം ലോകമഹായുദ്ധത്തിൽ (1914-1948) ജർമനിയും ഇറ്റലിയും ഒരു ഭാഗത്തായിരുന്നു. ബ്രിട്ടനും ഫ്രാൻസും മറു പക്ഷത്തും. ഇരു വിഭാഗവും രക്തരൂഷിതമായ യുദ്ധം തുടർന്നു. 30 ദശലക്ഷത്തിലേറെ ജനങ്ങളാണ് കൊല്ലപ്പെടുകയും പരിക്കേൽക്കുകയും ചെയ്തത്. പക്ഷേ, ഇരു വിഭാഗങ്ങളും ഒരേ മതത്തിൽപ്പെട്ടവരായിരുന്നു - ക്രിസ്ത്യാനികൾ. ഇവർക്ക് ഒരേ സിവിൽ കോഡ് ഉണ്ടായിരുന്നു. പക്ഷേ, ഈ നിയമപരമായ ഐക്യരൂപ്യം അവർക്കിടയിൽ യുദ്ധം തടഞ്ഞുനിർത്താൻ പര്യാപ്തമായിരുന്നില്ല.

1984 മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടു. ഘാതകന്റെയും കൊല്ലപ്പെട്ടവരുടെയും സിവൽ കോഡ് ഒന്നായിരുന്നു. പഞ്ചാബിൽ ഒരേ സിവിൽ കോഡ് പുലർത്തുന്ന വിഭാഗങ്ങൾക്കിടയിൽ രക്തരൂഷിതമായ പോര് നടക്കുന്നു. ഒരേ സിവിൽ കോഡ് പിൻതുടരുന്ന ഭാര്യാ-ഭർത്താക്കന്മാർക്കിടയിലും പീഡനത്തിന്റെയും ക്രൂരതയുടെയും വർത്തകളാണ് ഓരോ ദിവസവും പത്രങ്ങൾ കൊണ്ടുവരുന്നത്. ഒരേ സിവിൽ കോഡിൽ കഴിയുന്ന പതിനായിരക്കണ

ക്കിന് ഇന്ത്യക്കാരാണ് കോടതികളിൽ പരസ്പരം നിയമയുദ്ധം നടത്തുന്നത്.

ജനങ്ങൾക്കിടയിൽ ഐക്യവും സൗഹൃദവും സൃഷ്ടിക്കുന്നതിൽ ഒരു പൊതു സിവിൽ കോഡിന്റെ പ്രയോജന ശൂന്യത സുവ്യക്തമാണ് എന്നതൊരു വസ്തുതയാണ്. വീണ്ടുമത് പരീക്ഷിക്കേണ്ട ആവശ്യം തന്നെയില്ല.

## ബുദ്ധിജീവികളുടെ പ്രതികരണങ്ങൾ

സുപ്രിം കോടതിയിലെ ഡിവിഷൻ ബഞ്ചിന്റെ വിധിവാർത്തകളിൽ വന്നപ്പോൾ ബുദ്ധിജീവികളും മറ്റും വലിയ രീതിയിലാണ് പ്രതികരിച്ചത്. രാജ്യത്ത് നിലവിലുള്ള സാമൂഹിക പ്രശ്നങ്ങളുടെ അന്തിമ പരിഹാരമെന്ന ധാരണയിലാണ് ഒരു വിഭാഗം ഇതിനെ സ്വാഗതം ചെയ്തത്. എങ്കിലും ഒന്നല്ലെങ്കിൽ മറ്റൊരു കാരണത്താൽ ഇതിനോട് വിയോജിക്കുന്നവരായിരുന്നു ഗണ്യമായ വിഭാഗം. ചില പട്ടിക താഴെ കൊടുക്കുന്നു.

1. Politics of Uniform Civil Code- പാർത്ഥ എസ് ഘോഷ് ദി ഹിന്ദുസ്ഥാൻ ടൈംസ് - 1995 മെയ് 22.

2. Living with Religion - കുൽദ്വീപ് നയ്യാർ -ദി സ്റ്റേറ്റ്സ് മേൻ - 1995 മെയ് 31.

3. Uniform Civil Code - Judiciary Oversteps its Brief - എച്ച് എം. ഷീർവായ് - ടൈംസ് ഓഫ് ഇന്ത്യ - 1993 ജൂലായ് 5

4. Personal Laws - Uniformity not Essential - ബൽരാജ്പുരി -ഇന്ത്യൻ എക്സ്പ്രസ് - 1995 ജൂലായ് 6

5. Civil Code: The Constitutional Perspective - കെ.സി. മാർക്കാണ്ഡയ്ൻ - ഹിന്ദുസ്ഥാൻ ടൈംസ് - 1995 ജൂൺ 19

ഉദാഹരണമായി, ബൽരാജ് പുരിയുടെ ലേഖലനത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. പൊതു സിവിൽ കോഡിനെ പൂർണമായും നിരാകരിച്ച് അദ്ദേഹം എഴുതുന്നു.

“ദേശീയ ഐക്യം എന്ന സങ്കൽപ്പത്തോടും അതിനെ പിന്തുണക്കുന്ന ബഹുമാന്യരായ ജഡ്ജിമാരുടെ വാദങ്ങളോടുമുള്ള എന്റെ

വിയോജിപ്പ് മൗലികമാണ്. എന്റെ വീക്ഷണത്തിൽ രാഷ്ട്രനിർമ്മാണ പ്രക്രിയയെയും ഇന്ത്യൻ ദേശീയതയുടെ ബഹുത്വ സ്വഭാവത്തെയും, വ്യക്തിനിയമ പരിഷ്കരണങ്ങളെ സംബന്ധിച്ച മുസ്ലിംകളും, ഇതര മതസമൂഹങ്ങളും വിശിഷ്യാ ഹിന്ദുക്കളുമായുള്ള സംഭാഷണങ്ങളെയും, അവ പ്രതികൂലമായി ബാധിക്കുന്നതാണ്. ഒരു ഏകീകൃത നിയമത്തിന്റെ ഭാഗമാക്കി മാറ്റുക വഴിയല്ലാതെ മുസ്ലിം വ്യക്തിനിയമം പരിഷ്കരിക്കപ്പെടുകയില്ലെന്ന മുൻവിധി വെച്ചുപുലർത്തുക വഴി മുസ്ലിം സ്ത്രീകളുടെ സ്വത്വത്തിനു വേണ്ടിയുള്ള ത്വരയെ കീഴ്പ്പെടുത്തുകയും, അങ്ങനെ നല്ലൊരു കാര്യത്തോടു വലിയ അപരാധം ചെയ്തിരിക്കുകയുമാണ് ഈ ന്യായാധിപന്മാർ."

ദേശീയ ഐക്യത്തിന് ഈ പരിഷ്കരണവുമായി യുക്തിപരമായ ഒരു ബന്ധവുമില്ല. ജഡ്ജിമാർ വാദിക്കുന്നതുപോലെ, ദേശീയ ഐക്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും അഭിവൃദ്ധിക്ക് ഏകീകൃത നിയമം ആവശ്യമില്ല.

ഭരണഘടനയുടെ സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട 66 ഇനങ്ങളിലും കൺകറന്റ് ലിസ്റ്റിലുള്ള 47 ഇനങ്ങളിലും ഏകീകൃത സ്വഭാവം പാലിക്കാൻ ബാധ്യതയില്ലാതെത്തന്നെ നിയമ നിർമാണം നടത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. ഭൂമിശാസ്ത്രപരവും, സാംസ്കാരികവുമായ വൈവിധ്യത്തിനനുസരിച്ചു നിയമ വൈവിധ്യമാകാം. എങ്കിൽ, അവ രജ്യത്തിന്റെ ഐക്യത്തിനു ഭീഷണിയായിട്ടില്ലെങ്കിൽ, മതസമൂഹങ്ങൾ എന്ന നിലക്കുള്ള പ്രതലരഹിത കാര്യങ്ങളാൽ മാത്രമാണോ അതു ഭീഷണിയിലാവുക?

മതത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമൂഹത്തിനും വേറിട്ട അസ്തിത്വമായി നിലനിൽക്കാൻ അവകാശമില്ലെന്ന് ജസ്റ്റിസ് കുൽദീപ് സിംഗ് പ്രഖ്യാപിക്കുകയുണ്ടായി. ഭാഷയുടെ അടിസ്ഥാനത്തിൽ നമുക്ക് വേറിട്ട അസ്തിത്വം സാധിച്ചിട്ടില്ലേ? ഭാഷാടിസ്ഥാനത്തിൽ രാജ്യത്തെ പുനഃസംഘടിപ്പിച്ചിട്ടില്ലേ? ജാതിയധിഷ്ഠിത സ്വത്വം പുനഃസംഘടിക്കപ്പെട്ടിട്ടില്ലേ? സാംസ്കാരിക വർഗ-ജാതി-മത സ്വത്വങ്ങളെല്ലാം രാഷ്ട്രീയ നിയമസാധ്യത നേടിയിട്ടുണ്ടല്ലോ. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട ജഡ്ജ് വ്യത്യസ്തമായ അസ്തിത്വത്തിനുള്ള മതസമൂഹങ്ങളുടെ അവകാശത്തെ മാത്രം എടുത്തുകാണിക്കുന്നത്? യുക്തിയോടും, സാമൂഹികവും രാഷ്ട്രീയമായും അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യത്തോടുമുള്ള വെല്ലുവെളിയാണിത്. കേവലമൊരു ജഡ്ജിയുടെ വാക്കുകൊണ്ട് അപ്രത്യക്ഷമാകുന്നതാണോ ഈ അസ്തിത്വം?

# ഏക സിവിൽ കോഡിനെക്കുറിച്ച് ഗോൾവാൾക്കർ പറയുന്നത്

1972 ആഗസ്റ്റ് 20 നാണ് ആർ.എസ്.എസ്. സർസംഘചാലക് ഗോൾവാൾക്കർ ഡൽഹിയിലെ ദീൻദയാൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്തത്. ദേശീയ ഐക്യത്തിന് ഒരു ഏകീകൃത സിവിൽകോഡ് ആവശ്യമില്ലെന്ന് ഈ സമയത്ത് അദ്ദേഹം പറയുകയുണ്ടായി. ന്യൂഡൽഹിയിലെ The Motherland ൽ 1970 ആഗസ്റ്റ് 21 ലെ റിപ്പോർട്ട് ഇപ്രകാരമായിരുന്നു.

ന്യൂഡൽഹി: ആഗസ്റ്റ് 20, ഇന്ത്യൻ സമൂഹത്തിലെ പ്രശ്നങ്ങളെക്കുറിച്ചുള്ള മൗലികചിന്ത ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയക്കാർക്ക് നഷ്ടപ്പെട്ടതായി രാഷ്ട്രീയ സ്വയം സേവക് സംഘസർസംഘചാലക് എം.എസ്. ഗോൾവാൾക്കർ ഇവിടെ പറഞ്ഞു. ദീൻദയാൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അരവിന്ദ ശതാബ്ദി ആഘോഷവും ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു ശ്രീ. ഗുരുജി. ഗാന്ധി പീസ് ഫൗണ്ടേഷൻ പ്രസിഡണ്ട് ആർ.ആർ. ദിവാകർ അധ്യക്ഷത വഹിച്ചു. ഝാൻസി റോഡിലെ ഇൻസ്റ്റിറ്റ്യൂട്ടിനു മുന്നിൽ നടന്ന ചടങ്ങിൽ പ്രമുഖരുൾപ്പെട്ട ശ്രോതാക്കളുടെ വൻ സമൂഹം പങ്കെടുത്തു.

ആലോചനയില്ലാതെ പ്രശ്ന പരിഹാരത്തിനിറങ്ങുന്ന രാഷ്ട്രീയക്കാരുടെ ശ്രമത്തിന് ഉദാഹരണമായി രാജ്യത്തെ പൊതു സിവിൽ കോഡ് പ്രശ്നമാണ് അദ്ദേഹം പരമാർശിച്ചത്. നാനാത്വത്തിൽ ഏകത്വമാണ് ഇന്ത്യയുടെ സംസ്കാരം. അതിനാൽ ഇത്തരം ഏകതാനത ഇന്ത്യയിൽ ആവശ്യമില്ലെന്ന് അദ്ദേഹം പറഞ്ഞു. "ഹിന്ദുക്കളും അഹിന്ദുക്കളുമായ സർവ പൗരന്മാർക്കിടയിലും തീവ്രദേശാഭിമാനത്തിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യം പകരുകയും സ്വന്തം

മതത്തിനനുസരിച്ചുതന്നെ മാതൃഭൂമിയോട് സ്നേഹമുണ്ടാവുകയു മാണ് പരമപ്രധാനമായ കാര്യം”.

‘ഓർഗനൈസറു’മായി നടത്തിയ പ്രത്യേക അഭിമുഖത്തിലും അദ്ദേഹം ഈ കാഴ്ചപ്പാട് ആവർത്തിച്ചു. 1972 ആഗസ്റ്റ് 26ന് പ്രസി ദ്ധീകരിച്ച അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ.

ചോ: ദേശീയതാബോധം വളർത്താൻ ഒരു ഏക സിവിൽ കോഡ് അനിവാര്യമാണെന്ന് താങ്കൾ ചിന്തിക്കുന്നുണ്ടോ?

ഉ: ഞാൻ വിശ്വസിക്കുന്നില്ല, ഇതി നിങ്ങളെയും മറ്റുപലരെയും അത്ഭുതപ്പെടുത്തിയേക്കും. പക്ഷേ, ഇതാണ് എന്റെ അഭിപ്രായം. സത്യം കാണുമ്പോൾ ഞാൻ അതു പറയും.

ചോ: രാജ്യത്തിനകത്തെ ഐകരൂപ്യം ദേശിയ ഐക്യത്തെ പുരോഗതിയിലാക്കുമെന്ന് കരുതുന്നുണ്ടോ?

ഉ: ഒരിക്കലുമില്ല. അപരിമേയമായ വൈവിധ്യമാണ് ഇന്ത്യക്കുള്ള ത്. മാത്രവുമല്ല. കാലങ്ങളായി ശക്തിയും ഐക്യവും നിറഞ്ഞ നാടാണ് നമ്മുടേത്. ഐക്യത്തിന് ഐക്യരൂപ്യമല്ല വേണ്ടത്, സൗഹാർദ്ദമാണ്.

ചോ: പാശ്ചാത്യലോകത്ത് നിയമങ്ങളുടെ ഏകീകരണത്തിലു ടെയും മറ്റ് ഐക്യരൂപ്യവൽക്കരണത്തിലൂടെയുമാണല്ലോ ദേശീയത ഉയർന്നു വന്നത്?

ഉ: വളറെ പ്രായം കുറഞ്ഞ ഒരു സംസ്കാരമുള്ള വളരെ പ്രായം കുറഞ്ഞ ഒരു ഭൂഖണ്ഡമാണ് യൂറോപ്പ് എന്നതു മറന്നു കൂടാ. ഇന്ന ലെവരെ അതുണ്ടായിരുന്നില്ല. നാളെ അതുണ്ടാവുമോ എന്നറിയി ല്ല. പ്രകൃതി അമിതമായ ഐക്യരൂപ്യത്തിന് എതിരാണെന്നാണ് എനിക്കു തോന്നുന്നത്. ഇപ്പോഴത്തെയും ഇവിടത്തെയും കാര്യം മാത്രം നോക്കിയാൽ പോരാ, വിദൂരമായ ഭൂതകാലത്തിലേക്കും, അക ലെയുള്ള ഭാവിയിലേക്കും നാം നോക്കണം. പല പ്രവർത്തന ങ്ങൾക്കും വൈകിവരുന്നതും പ്രത്യക്ഷത്തിൽ കാണാത്തതുമായ ഫലങ്ങളുണ്ടാവും. ഈ രാജ്യത്തു നമുക്ക് സഹസ്രാബ്ദങ്ങളുടെ അനു ഭവങ്ങളുണ്ട്. നമുക്കു കുറ്റമറ്റ ഒരു ജീവിത രീതിയുണ്ട്. വൈവിധ്യ ത്തിനും ഐക്യരൂപത്തിനും ഒന്നിച്ചുപോകാനാവുമെന്നാണ് നമ്മുടെ അനുഭവം തെളിയിക്കുന്നത്.

ചോ: നമ്മുടെ ഭരണഘടനയിലെ രാഷ്ട്രനയത്തെ സംബന്ധിച്ച

നിർദ്ദേശക തത്വത്തിൽ ഏക സിവിൽകോഡിനു വേണ്ടി പരിശ്രമി ക്കണമെന്ന് പറയുന്നുണ്ടല്ലോ?

ഉ: അതൊക്കെ ശരി. ഏക സിവിൽ കോഡിനോടെന്നും എനിക്ക് എതിർപ്പില്ല. പക്ഷെ, ഭരണഘടനയിൽ ഉണ്ടെന്നതുകൊണ്ട് മാത്രം ഒരു കാര്യം ഹിതകരമാകുകയില്ല. വിദേശീയങ്ങളായ ഭരണഘടന കളുടെ മിശ്രിതമാണ് പല കാര്യത്തിലും നമ്മുടെ ഭരണഘടന. ഇന്ത്യൻ അനുഭവങ്ങളുടെ വെളിച്ചത്തിലല്ല അതിന്റെ കരടുരൂപം ഉണ്ടാക്കിയ ത്.

ചോ: സ്വന്തം വ്യത്യസ്തമായ അസ്തിത്വം നിലനിർത്താനാണ് മുസ്ലിംകൾ ഏക സിവിൽ കോഡിനെ എതിർക്കുന്നത് എന്നു കരു തുന്നുണ്ടോ?

ഉ: സ്വത്വം നിലനിർത്താൻ ആഗ്രഹിക്കുന്ന ഏതെങ്കിലും വർഗവു മായോ മതവിഭാഗവുമായോ മറ്റോ ഒരു തർക്കവും എനിക്കില്ല. ദേശാ ഭിമാന ബോധത്തിന് ആ അസ്തിത്വം അപകീർത്തിയുണ്ടാക്കരു തെന്നു മാത്രം. ചിലർ ഏകസിവിൽ കോഡിനു വേണ്ടി വാദിക്കുന്ന ത്, നാല് വിവാഹം കഴിക്കാനുള്ള അവകാശം മുസ്ലിം ജനസംഖ്യ യിൽ അനുപാതരഹിതമായ വളർച്ചക്ക് കാരണമാകുമെന്ന് കരുതു ന്നതുകൊണ്ടാണെന്ന് എനിക്കു തോന്നുണ്ട്. പ്രശ്നത്തോടുള്ള നിഷേ ധാത്മക സമീപനമാണിതെന്ന് ഞാൻ ഭയക്കുന്നു.

ഹിന്ദുക്കൾക്കും മുസ്ലിംകൾക്കുമിടയിൽ സഹോദര്യ വികാരമി ല്ലെന്നതാണ് യഥാർത്ഥ പ്രശ്നം. മതേതര വാദികൾ പോലും മുസ്ലിം കളെ ഒരു അന്യവസ്തുവായാണ് പരിഗണിക്കുന്നത്. തങ്ങളുടെ വോട്ടുബാങ്കായി അവരെ പുകഴ്ത്തുകയെന്നതാണ് തീർച്ചയായും അവരുടെ രീതി. മുസ്ലിംകളെ അന്യവസ്തുവായിക്കാണുന്ന മറ്റു ചിലരുണ്ട്. മുസ്ലികളുടെ വേറിട്ട അസ്തിത്വം നിഷ്പ്രഭമാക്കി ത്തീർക്കാനാണ് അവരുടെ ആഗ്രഹം. ഈ മുഖസ്തുതിക്കാരും നിര ത്തിൽ വാദികളും തമ്മിൽ ഭേദമൊന്നുമില്ല. ഇവരുടെയും ആഗ്രഹം മുസ്ലിംകളെ വേറിട്ടവരും ചേർച്ചയില്ലാത്തവരുമായി കാണാനാണ്.

തീർത്തും വ്യത്യസ്തമാണ് എന്റെ സമീപനം. ഈ രാജ്യത്തെയും അതിന്റെ സംസ്കാരത്തെയും സ്നേഹിക്കുന്നിടത്തോളം സ്വന്തം ജീവിത രീതിയിലേക്ക് മുസ്ലിംകൾക്ക് സ്വാഗതം. മുസ്ലിംകളെ ചൂഷണം ചെയ്യുന്നതിന്റെ ഉത്തരവാദികൾ രാഷ്ട്രീയക്കാരാണ്. കേര ളത്തിൽ മുസ്ലം ലീഗിനെ വളരാനും അതുവഴി രാജ്യത്തുടനീളം

മുസ്‌ലിം വർഗീയത പെരുകാനും കാരണം കോൺഗ്രസാണ്.

ചോ: നമുക്ക് ഈ വാദങ്ങൾ പിൻവലിക്കാൻ കഴിഞ്ഞാൽ, ഹിന്ദു നിയമത്തിന്റെ ക്രോഡീകരണം അനാവശ്യം അനഭിലഷണീയവുമാണെന്ന് കരുതാമോ?

ഉ: ദേശീയ ഐക്യത്തിനും ദേശീയ ഉദ്ഗ്രന്ഥത്തിനും ഹിന്ദു നിയമങ്ങളുടെ ക്രോഡീകരണവും അനാവശ്യമാണെന്നാണ് എന്റെ ഉറച്ച സങ്കൽപം. കാലങ്ങളായി കണക്കില്ലാത്ത നിയമങ്ങൾ നമുക്കുണ്ടായിരുന്നു. അതിന്റെ പേരിൽ നാം മോശക്കാരൊന്നുമായിട്ടില്ലല്ലോ. അടുത്ത കാലംവരെ കേരളത്തിൽ മരുമക്കത്തായമുണ്ടായിരുന്നു എന്താണതിൽ തെറ്റ്? ആചാരങ്ങൾ തീർച്ചയായും നിയമത്തെക്കാൾ പ്രബലമായിരിക്കണമെന്ന് ആധുനികരും പ്രാചീനരുമായ എല്ലാ നിയമ ദാതാക്കളും അംഗീകരിക്കുന്ന കാര്യമാണ്.

ശാസ്ത്രങ്ങളെക്കാൾ കൂടുതൽ ഫലപ്രദം ആചാരമാണെന്ന് ശാസ്ത്രങ്ങൾ പറയുന്നു. പ്രദേശത്തിന്റെയോ വിഭാഗത്തിന്റെയോ നിയമമാകും ആചാരങ്ങൾ. പ്രദേശിക ആചാരങ്ങളുടെയും നിയമങ്ങളുടെയും സാധ്യത എല്ലാ സമുദായവും അംഗീകരിക്കുന്നതാണ്.

ചോ: ഏക സിവിൽ നിയമം അനിവാര്യമില്ലെങ്കിൽ എന്തിനാണ് ഒരു ഏക സിവിൽ ക്രിമനൽ നിയമം?

ഉ: രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. സിവിൽ നിയമം പ്രധാനമായും ബന്ധപ്പെടുന്നത് വ്യക്തിയുമായും കുടുംബവുമായുമാണ്. ക്രിമിനൽ നിയമം നിയമവാഴ്ച ഉൾപ്പെടെ ആയിരക്കണക്കിന് കാര്യം ഉൾക്കൊള്ളുന്നതാണ്. വ്യക്തിയുമായി മാത്രല്ല, സമൂഹവുമായും വലിയ തോതിൽ ഇതു ബന്ധപ്പെട്ടു കിടക്കുന്നു.

ചോ: മുസ്‌ലിം സഹോദരിമാരുടെ പർദയും ബഹുഭാര്യത്വും ശരിയാണെന്ന് വിശ്വസിക്കുന്നുണ്ടോ?

ഉ: മുസ്‌ലിം സമ്പ്രദായങ്ങളോടുള്ള നിങ്ങളുടെ വിയോജിപ്പ് മനുഷ്യസ്നേഹപരമായ തലത്തിൽ നിന്നുകൊണ്ടാണെങ്കിൽ ആ വിയോജിപ്പിന് സാധ്യതയുണ്ട്. ഈ വിഷയത്തിൽ പരിഷ്കരണവാദികളുടെ നിലപാട് നല്ലതുതന്നെ. എന്നാൽ, യാന്ത്രികമായ ഒരു നിരപ്പാക്കൽ മനോഭാവം ശരിയല്ല. മുസ്‌ലിംകളുടെ പഴയ നിയമങ്ങൾ അവർ തന്നെ മാറ്റിയെടുക്കട്ടെ. ബഹുഭാര്യത്വം നല്ലതല്ലെന്ന തീരുമാനത്തിൽ അവർ എത്തുകയാണെങ്കിൽ എനിക്ക് സന്തോഷം. എന്റെ കാഴ്ചപ്പാട്

അവർക്കുമേൽ അടിച്ചേൽപ്പിക്കാൻ എനിക്കാഗ്രഹമില്ല.

ചോ: ഇതൊരു ഗഹനമായ സൈദ്ധാന്തിക പ്രശ്നമാണെന്ന് തോന്നുന്നു?

ഉ: ശരിയാണ്. ഐകരൂപ്യമെന്നത് ദേശീയതയുടെ മരണമണി യാണെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രകൃതി ഐകരൂപ്യത്തിന് എതി രാണ്. എല്ലാതരം ജീവിതരീതികളും സംരക്ഷിക്കണമെന്ന അഭിപ്രാ യമാണെനിക്ക്. എങ്കിലും ദേശീയ ഐക്യത്തിന് അനുപൂരകമാകണം ഈ വൈവിധ്യങ്ങളെല്ലാം, ഒരിക്കലും അതിനെതിരിയിക്കൂടാ.

(പുനഃപ്രസിദ്ധീകരിച്ചത് മൻതൻ - 986 ജൂലായ്)

# പ്രകൃതിയുടെ ക്രമം

ഉർദുഭാഷയിലെ വിഖ്യാതനായ കവിയാണ് സൗഖ്ദഹ്ലവി (1739 - 1854) അദ്ദേഹത്തിന്റെ ഈരടി ഇങ്ങനെ വായിക്കാം.

ഗുൽഹെ രംഗ് രംഗ് സെ ഹെ സീനതെ ചമൻ

ഏ സൗഖ് ഈസ് ജഹാൻ കോ ഹെ സേബ് ഇഖ്തിലാഫ് സെ.

(വിഭന്ന വർണങ്ങളിലും രൂപങ്ങളിലുമുള്ള പുഷ്പങ്ങളുടെ വൈവിധ്യമാണ് പൂന്തോട്ടത്തിനു ചാരുതയേകുന്നത്. ഹേ സൗഖ്! വൈവിധ്യമാണ് ഈ ലോകത്തെ സൗന്ദര്യപൂർണമാക്കുന്നത്)

പ്രകൃതിയുടെ നിയമമാണിത്. ഒരു പൂന്തോട്ടത്തിൽ നിൽക്കുമ്പോൾ ഓരോ ചെടിയും ഓരോ മരവും മറ്റുള്ളതിൽ നിന്നു വ്യതിരിക്തമായതായിക്കാണാം. ഓരോ ചെടിയിലെയും പൂക്കളും സ്വന്തമായി അവയുടെ മനോഹരിത കാണിച്ചു തരും. പൂന്തോട്ടമാകെ വലിയ വൈവിധ്യമുൾക്കൊള്ളുന്നുണ്ട്. പക്ഷികൾ പാടുന്നതുപോലും വ്യത്യസ്ത രോഗത്തിലാണ്. പ്രകൃതിയിലെ സർവ്വവും വൈവിധ്യങ്ങളുടെ അതുല്യമായ മാതൃകകളാണ്.

പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളിലും കാണുന്ന ഈ വൈവിധ്യം മനുഷ്യരിലുണ്ട്. ജീവശാസ്ത്രത്തിലെയും മനഃശാസ്ത്രത്തിലെയും പഠനങ്ങൾ നമ്മോട് പറയുന്നത് മനുഷ്യൻ പൂർണമായും പരസ്പര ഭിന്നകങ്ങളാണെന്നാണ്. വിരലടയാളം മാത്രമല്ല. മനുഷ്യരിലെ കോശങ്ങൾ പോലും മറ്റുള്ളവരിൽ നിന്നു വ്യത്യസ്തമാണ്. ഒരാളുടെ കണ്ണ് പോലും മറ്റൊരാളുടേതു പോലെയല്ല. ഈ വൈവിധ്യവും ഭിന്നതയുമൊന്നും കേവലം പ്രകടമായ സൗന്ദര്യത്തിനു വേണ്ടിയുള്ളതല്ല. ഇതിനു പിന്നിൽ മഹത്തായൊരു പൊരുത്തമുണ്ട്. വാസ്തവത്തിൽ, മനുഷ്യന്റെ എല്ലാ പുരോഗതിയും ഈ വൈവി

ധ്യവുമായി ബന്ധപ്പെട്ടതാണ് പുത്തൻ കണ്ടുപിടുത്തങ്ങൾ നടത്താൻ നമ്മെ സഹായിക്കുന്നത് ഇതാണ്. ഈ ഘടകം തന്നെയാണ് ധൈഷണിക വികാസങ്ങൾക്ക് കാരണമാകുന്ന ബൗദ്ധിക സംഘർഷങ്ങളുണ്ടാക്കുന്നത്. ധൈഷണികമായ ഉണർവിന് പ്രചോദനമായി വർത്തിക്കുന്നത് ഇത്തരം വെല്ലുവിളികളാണ്.

ഒരു കൂട്ടായ്മയിലെ എല്ലാ പങ്കാളികളും ഒരേ അഭിപ്രായക്കാരാണെങ്കിൽ പുതിയൊരാശയം ഉൽപാദിപ്പിക്കപ്പെടില്ല. ഒരു വ്യവസായിക വ്യവസ്ഥയിൽ എൻജിനീയർമാർ ഒരേ അച്ചിൽ വാർക്കപ്പെട്ടവരായിൽ പുതിയ സാങ്കേതികവിദ്യ കണ്ടെത്താൻ അവർക്ക് കഴിയില്ല. ഒരു സമൂഹത്തിൽ എല്ലാ എഴുത്തുകാർക്കും ഒരേ അഭിരുചിയാണെങ്കിൽ ക്രിയാത്മകസാഹിത്യം രൂപപ്പെടുന്നില്ല. രാഷ്ട്രീയക്കാർ മുഴുവൻ ഒരേ രീതിയിലാണെങ്കിൽ ശ്രദ്ധേയമായ യാതൊരു രാഷ്ട്രീയ പുരോഗതിയും അവതരിപ്പിക്കാൻ കഴിയില്ല.

വൈവിധ്യങ്ങളും വ്യത്യസ്തതകളും പ്രകൃതിയുടെ ഒരു പൊതു നിയമമാണ്. ജീവിതത്തിന്റെ സർവ തുറകളിലും അതു പ്രവർത്തന നിരതമാണ്. അത് മാറ്റിമറിക്കാൻ ഒരു മനുഷ്യശക്തിക്കും സാധ്യമല്ല. ബലപ്രയോഗത്തിലൂടെ ഒരാൾ അതു മാറ്റിമറിക്കാൻ ശ്രമിക്കുമ്പോൾ കൃത്രിമ സംവിധാനങ്ങൾ അഴിച്ചു മാറ്റി പ്രകൃതി സ്വയം തന്നെ വൈവിധ്യത്തിന്റെ തത്വം പുനരവതരിപ്പിക്കും.

# അപ്രായോഗികത

ഏക സിവിൽ കോഡ് അപ്രായോഗികമായൊരു സ്വപ്നമാണെന്നാണ് യാഥാർത്ഥ്യം. ആർട്ടിക്കിൾ 44,371-എ എന്നിവ താരതമ്യം ചെയ്യുമ്പോൾ ഈ വസ്തുതയ്ക്ക് ബലമേകുന്ന തെളിവ് ഭരണഘടനയിൽത്തന്നെ കാണാം.

ഇന്ത്യയിലെ പ്രദേശങ്ങളിലുടനീളം പൗരന്മാർക്ക് ഒരു പൊതു സിവിൽ കോഡ് ഉറപ്പുവരുത്താൻ സംസ്ഥാനങ്ങൾ ശ്രമിക്കണമെന്ന് ആർട്ടിക്കിൾ 44 പ്രസ്താവിക്കുന്നുവെന്ന് നമ്മൾ മനസ്സിലാക്കി.

പക്ഷേ, ഇതേ ഭരണഘടനയുടെ ഒരു ഭേദഗതി ഇപ്രകാരം ഒരു വിട്ടുവീഴ്ച നടത്തുന്നുണ്ട്. "സംസ്ഥാന നിയമനിർമാണ സഭ ചർച്ച ചെയ്തു തീരുമാനിക്കാത്ത കാലത്തോളം നാഗന്മാരുടെ ആചാരന നിയമങ്ങളുടെയും നടപടികളുടെയും കാര്യത്തിൽ പാർലമെന്റിന്റെ ഒരു നിയമവും നാഗാലാന്റ് സംസ്ഥാനത്ത് പ്രയോഗിക്കാൻ പാടില്ല."

ഈ രണ്ട് വകുപ്പുകളും പരസ്പര വിരുദ്ധമാണെന്നു സ്പഷ്ടമാണ്. നമ്മുടെ ഭരണഘടനാ നിർമാതാക്കൾ തങ്ങളുടെ തെളിഞ്ഞ ഭാവനാശക്തിക്കനുസരിച്ചു പറന്ന് ബ്രഹത്തായൊരു ഭരണഘടന നിർമിക്കാൻ ശ്രമിച്ചതെന്നു വസ്തുതയിൽ നിന്നാണ് ഈ വൈരുദ്ധ്യം ഉടലെടുക്കുന്നത്. അപ്പോൾ ഈ യഥാർത്ഥ്യ ലോകത്ത് യോജിക്കാനിടയില്ലാത്ത പരസ്പര വിരുദ്ധമായ കാര്യങ്ങളെയും അവർ ഇതിൽ ഏകീകരിച്ചിട്ടുണ്ട്. ഒരു പക്ഷേ, ഇതാവാം, ഭരണഘടനാ അസംബ്ലിയിലെ മുതിർന്ന അംഗമായിരുന്ന സർ അല്ലാഡി കൃഷ്ണസ്വാമി അയ്യർ ഒരു പ്രഭാഷണത്തിൽ ഇപ്രകാരം പറയാൻ കാരണം. "ഭാവിയിൽ വരുന്ന നിയമനിർമാണ സഭക്കാർ ഒരു ഏക സിവിൽ കോഡിന് ഒരു പക്ഷേ, ശ്രമിച്ചേക്കാം."

# നിയമത്തിന്റെ പരിമിതികൾ

നിയങ്ങൾ ഒരിക്കലും മനുഷ്യൻ സൃഷ്ടിച്ച സാമൂഹിക വഴക്കങ്ങൾക്ക് പ്രേരിയല്ല. മനുഷ്യ നിയമത്തിനും അതിന്റേതായ പരിമിതികളുണ്ട്. ഒരു നിശ്ചിത ഘട്ടത്തിനു ശേഷം മനുഷ്യസമുദായത്തിന് മേലുള്ള അതിന്റെ നിയന്ത്രണം അപ്രത്യക്ഷമായിത്തീരുന്നു.

1975ൽ അലഹാബാദ് ഹൈക്കോടതി ഒരു വിധി പാസാക്കി. പ്രസ്തുത വിധി ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അസാധുവാക്കിയെന്നു മാത്രമല്ല. ആറ് വർഷക്കാലത്തേക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കുകയും ചെയ്തു. എന്നാൽ, വാസ്തവത്തിൽ സംഭവിച്ചതെന്തായിരുന്നു.? അടിയന്തരാവസ്ഥ പ്രഖ്യാപനത്തിലൂടെ തന്റെ അധികാരം പൂർവ്വാധികം ശക്തമാക്കുകയും കേന്ദ്രഭരണകൂടത്തിലെ തന്റെ സ്ഥാനം കൂടുതൽ ഭദ്രമാക്കുകയുമാണ് അവർ ചെയ്തത്.

1986ൽ യു.പി. കോടതി പുറപ്പെടുവിച്ച് വിധിയനുരിച്ച് ബാബ്രി മസ്ജിദിന്റെ വാതിലുകൾ ഹിന്ദുക്കൾക്ക് മതപരമായ കർമങ്ങൾ നിർവ്വഹിക്കാൻ സൗകര്യമൊരുക്കുന്ന വിധത്തിൽ തുറന്നു കൊടുത്തു. പ്രത്യക്ഷത്തിൽ ഹിന്ദുക്കൾക്കും മുസ്ലിംകൾക്കുമിടയിൽ നല്ല സാമുഹിക ബന്ധം സ്ഥാപിക്കുകയെന്നതായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ മുസ്ലിം - ഹിന്ദു ബന്ധങ്ങൾ അധോനിലയിലേക്ക് പതിക്കാനും രാഷ്ട്രീയ - സാമ്പത്തിക ദുരന്തങ്ങളിലേക്ക് രാജ്യം എത്താനും വഴിയൊരുക്കിയ വിധത്തിൽ താറുമാറാകുകയാണുണ്ടായത്.

1985ൽ ഷാബാനു കേസിൽ സുപ്രിം കോടതി ഒരു വിധി പുറപ്പെടുവിച്ചു. ഒരു സ്ത്രീക്ക് നീതി വിധിക്കുകയെന്നായിരുന്നു പ്രത്യക്ഷ

ത്തിൽ ഇതിന്റെ ലക്ഷ്യം. എന്നാൽ, പ്രായോഗിക ഫലം പൂർണ മായും വ്യത്യസ്തമായിരുന്നു. ഒരു നിയമത്തിലൂടെ ഈ വിധിയെ റദ്ദാക്കുകയാണ് രാജീവ് ഗാന്ധിസർക്കാർ ചെയ്തത്. ഉടൻ തന്നെ ഭാരതീയ ജനതാപാർട്ടി വിഷയം രാഷ്ട്രീയലക്ഷ്യങ്ങൾക്കായി ചൂഷണം ചെയ്യാൻ തുടങ്ങി. അതുവഴി രണ്ടിൽ നിന്നു 119ലേക്ക് പാർലമെന്റിലെ തങ്ങളുടെ അംഗസംഖ്യ വർധിപ്പിക്കാനും പല സ്ഥല ങ്ങളിലും ഗവൺമെന്റ് രൂപീകരിക്കുവാനും അവർക്ക് സാധിച്ചു.

1955ലെ ഹിന്ദു നിയമ ബിൽ അനുസരിച്ച് ഒരു ഹിന്ദുവിന് ഒരു ഭാര്യമാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളുവെങ്കിലും 1961ലെ ഇന്ത്യൻ സെൻസസ് പ്രകാരം ഒന്നിലേറെ ഭാര്യമാരുള്ള ഹിന്ദുക്കളുടെ ശത മാനം മുസ്‌ലിംകളെക്കാൾ എത്രയോ കൂടുതലാണ്. നിയമങ്ങളുടെ പരിമിധി ഈ വസ്തുതയിൽ നിന്നു വ്യക്തമാണ്.

200 വർഷക്കാലത്തെ ഭരണത്തിനടയിൽ അഞ്ച് നിയമങ്ങൾ മാത്ര മാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിർമിച്ചത്. 1947ൽ അധികാരമേറി യതിനു ശേഷം അയ്യായിരത്തിലേറെ നിയമങ്ങളാണ് നമ്മുടെ നേതാ ക്കൾ നിർമിച്ചത്. എന്നാൽ പരിഷ്കരണ നിയമങ്ങളുടെ ബാഹുല്യം എതിർഫലങ്ങൾ മാത്രമേ ഉണ്ടാക്കിയുള്ളൂ. തർക്കങ്ങളും സ്പർദ്ധയും ഏറെ വർദ്ധിച്ചു. ജീർണതകൾക്ക് യൗവനം കിട്ടിക്കൊ ണ്ടേയിരിക്കുന്നു. നീതി ലഭിക്കുകയെന്നത് ദുർഘടമായൊരു സംഗ തിയായി സ്ത്രീകളുടെ അവസ്ഥ കൂടുതൽ വഷളായി. നിയമങ്ങൾ മാത്രം അനേകമായി കൂട്ടിച്ചേർക്കുന്നതിനു പകരം സമൂഹത്തെ നവീ കരിക്കാൻ പുതിയ തന്ത്രങ്ങൾ കണ്ടെത്തേണ്ടതുണ്ടെന്നാണ് ഈ അവസ്ഥകൾ ആഹ്വാനം ചെയ്യുന്നത്.

# മതപരിവർത്തനം

ഏക സിവിൽ കോഡുമായി പരോക്ഷമായി ബന്ധപ്പെട്ട മറ്റൊരു വിഷയം സുപ്രീം കോടതി ഡിവിഷൻ ബഞ്ചിനു മുമ്പിൽ മരളാമുദ്ഗാൽ നേതൃത്വം നൽകുന്ന 'കല്യാണി'യെന്ന വനിതാസംഘടനയുടെ സഹായത്താൽ നാല് സ്ത്രീകൾ ഫയൽ ചെയ്ത ഹരജിയായിരുന്നു. തങ്ങളുടെ ഭർത്താക്കന്മാർ ഇസ്‌ലാം സ്വീകരിച്ചു പുനർവിവാഹം നടത്തിയെന്നും അതേസമയം, തങ്ങളെ മൊഴിചൊല്ലിയിട്ടില്ലെന്നുമായിരുന്നു അത്. രണ്ടാം ഭാര്യയെ സ്വീകരിക്കാമെന്ന ഇസ്‌ലാമിലെ വിവാഹ നിയമം ചൂഷണം ചെയ്യാൻ മാത്രമാണ് അവർ മതം മാറിയതെന്നും സ്ത്രീകൾ പറഞ്ഞു. അതിനാൽ അവരുടെ പുനർവിവാഹം അസാധുവാക്കാൻ സഹായിക്കണമെന്നാണ് കോടതിയോട് അഭ്യർത്ഥിച്ചത്.

ഹിന്ദുക്കളായ ഈ നാലു പുരുഷന്മാരുടെയും പുനർവിവാഹം അസാധുവാണെന്നാണ് കണ്ട കോടതി ഹരജി സ്വീകരിച്ചു. ഈ വിധി ജസ്റ്റിസ് കുൽദീപ് സിംഗ് എഴുതുന്നു.:

" നാം നമ്മുടെ ലക്ഷ്യം നിറവേറ്റുന്നതുവരെ, ഇന്ത്യയിലെ മുഴുവൻ പൗരന്മാർക്കും ഏക സിവിൽ കോഡ് ഏർപ്പെടുത്തുന്നതുവരെ, ആദ്യഭാര്യ നിലനിൽക്കെത്തന്നെ രണ്ടാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു ഹിന്ദു ഭർത്താവിന് മുസ്‌ലിമാകാനുള്ള പരസ്യമായ പ്രലോഭനമുണ്ടാകും. ഏക ഭാര്യത്വമാണ് ഹിന്ദു നിയമമെങ്കിൽ നാല് ഭാര്യമാരെ സ്വീകരിക്കാൻ ഇന്ത്യയിലെ മുസ്‌ലിം നിയമം അനുമതി നൽകുന്നുണ്ട്. അതിനാൽ, ഹിന്ദു നിയമത്തിലെ വകുപ്പുകൾ മറികടക്കാനും ശിക്ഷാ നടപടികളിൽ നിന്ന് രക്ഷപ്പെടാനും ഏത് ചഞ്ചലചിത്തനായ ഹിന്ദുഭർത്താവും ഇസ്‌ലാം സ്വീകരിക്കും." (പേ. 5)

ഈ കാഴ്ചപ്പാടിനെ പിന്തുണച്ചു ചമൻലാൽ വർമ എഴുതിയ ഒരു കത്ത് 1995 ജൂൺ 21ന് ഹിന്ദുസ്ഥാൻ ടൈംസ് പ്രസിദ്ധപ്പെടുത്തി. "ഒരു നിയമത്തിന്റെ വകുപ്പുകളിൽ നിന്ന് ഒഴിഞ്ഞു മാറി മറ്റൊരു നിയമത്തിന്റെ ആനുകൂല്യം പറ്റുകതന്നെ മതത്തിന്റെ ദുരുപയോഗം തടയാൻ ഏക സിവിൽ കോഡ് അനിവാര്യമാണ്."

പഴയ നിയമങ്ങളുടെ ദുരുപയോഗം തടയാൻ പുതിയ നിയമങ്ങളുടെ നിർമാണം കൊണ്ട് സാധിക്കുകയില്ല. നിയമം ദുരുപയോഗം ചെയ്യാനുള്ള അവസരം അവിടെയും സ്വാഭാവികമാണ്. നികുതി വെട്ടിപ്പ് തടയാൻ ധാരാളം നിയമങ്ങളും നിയന്ത്രണങ്ങളുമുണ്ട്. എന്നിട്ടും നികുതിവെട്ടിപ്പ് വലിയ തോതിൽ നടക്കുന്നു. നിലവിലുള്ള എന്തെങ്കിലുമൊരു നിയമം ദുരുപയോഗം ചെയ്യുന്നതിൽ നിന്ന് ജനങ്ങളെ തടയാൻ സാധിക്കുന്നില്ലെങ്കിൽ സിവിൽ കോഡിന്റെ ദുരുപയോഗവും എങ്ങനെ തടയാനാകും?

മാത്രമല്ല, ഏക സിവിൽ കോഡ് നടപ്പാക്കാതെ ഹിന്ദു നിയമങ്ങളിൽ നിയപരമായ തടസങ്ങളില്ലെങ്കിൽ ഇത്തരം ചഞ്ചലചിത്തരയാ ഹിന്ദുക്കളുടെ വിവാഹം അസാധുവാണെന്ന് പറയാൻ സുപ്രീം കോടതിയിലെ ബഹുമാന്യരായ ന്യായാധിപന്മാർക്ക് എങ്ങനെ കഴിഞ്ഞു.?

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ഖണ്ഡിക 794 അടിസ്ഥാനമാക്കിയുള്ള ഈ വിധി കാണിക്കുന്നത്, അത്തരം നിയമങ്ങൾ ഇപ്പോൾ തന്നെ നിലനിൽക്കുന്നുണ്ട് എന്നാണ്. അതായത്, അത്തരമൊരു തെറ്റിധാരണക്കോ പ്രലോഭനത്തിനോ ഈ 'വഴിതെറ്റിയ ഹിന്ദുവിന് നിലവിലുള്ള നിയമത്തിൽ പോലും' പഴുതില്ല എന്നർത്ഥം. അതിനാൽ, ഇതിനു തടയിടാനായി മാത്രം ഒരു സിവിൽ കോഡിന്റെ ആവശ്യം ഇവിടെയില്ല.

## 44-ാം വകുപ്പ് തള്ളിക്കളയണം

ഭരണഘടനയിലെ 44-ാം ആർട്ടിക്കിളിന് നിയമപരമായ അർത്ഥ പൂർണതയോ ധാർമികമൂല്യമോ ഇല്ലെന്നതിന്റെ വ്യക്തമായ തെളിവുകളാണ് മേൽ സൂചിപ്പിച്ച അപഗ്രഥനങ്ങളും വാദങ്ങളുമെല്ലാം. ചില മനസ്സുകളിലെ കേവല ഭാവനാ സൃഷ്ടികൾ മാത്രമാണിത്. മനുഷ്യ ശരീരത്തിലെ അനാവശ്യമായ ഭാഗങ്ങൾ ആരോഗ്യത്തിന് ദ്രോഹരമാണെന്നു തെളിഞ്ഞാൽ ഓപ്പറേഷൻ വഴി നീക്കം ചെയ്യുന്നതു പോലെ തന്നെ ഇതും ഭരണഘടനയിൽ നിന്ന് പുറംതള്ളപ്പെടേണ്ടതുണ്ട്.

ഭരണഘടനാപരമായ ഇത്തരം അനുബന്ധങ്ങൾ പുതിയതൊന്നുമല്ല. ഇത്തരം നീക്കംചെയ്യലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഇന്ത്യൻ ഭരണഘടന പലപ്പോഴും വിധേയമായിട്ടുണ്ട്. ഉദാഹരണത്തിന്, ഭരണഘടനയുടെ ആദ്യഘട്ടത്തിൽ സ്വകാര്യ സ്വത്ത് പൂർണമായും പവിത്രമായൊരു അവകാശമായിരുന്നു. ഒരാളുടെ നിയമപരമായ സ്വത്ത് ഇല്ലാതാക്കാൻ ഭരണഘടന ഭരണകൂടത്തിന് അവകാശം നൽകിയിരുന്നില്ല. എന്നാൽ, 1955ൽ സ്വകാര്യ സ്വത്ത് ബലപ്രയോഗത്തിലൂടെ പിടിച്ചെടുക്കാനുള്ള അവകാശം സംസ്ഥാനങ്ങൾക്ക് നൽകുന്ന നാലാം ഭേദഗതി നിയമം പാസായി. ഉടമക്ക് സർക്കാർ നൽകുന്ന നഷ്ടപരിഹാരത്തുക വിപണിനിരക്കിനെക്കാൾ കുറഞ്ഞുപോയാൽ പോലും കോടതിയിൽ പരാതിപ്പെടാനുള്ള അവകാശം ഈ നിയമത്തിലൂടെ എടുത്തുകളഞ്ഞു.

ഇതുപോലെത്തന്നെ മുൻ രാജാക്കന്മാർക്ക് ചെലവിനു പണം ലഭിക്കുന്നതിനുള്ള പ്രത്യേകാവകാശം ഭരണഘടന നൽകിയിരുന്നു. എന്നാൽ രാജാക്കന്മാരുടെ ഇത്തരം സ്വകാര്യ ചെലവിനുള്ള പണ

മായി ബന്ധപ്പെട്ട ഭരണഘടനാപരമായ എല്ലാ അവകാശങ്ങളും 1971ലെ 26- ാം ഭേദഗതി പ്രകാരം അവസാനിപ്പിച്ചു.

ഈ കീഴ്വഴക്കങ്ങളുടെ വെളിച്ചത്തിൽ മറ്റൊരു ഭേദഗതിയിലൂടെ ഭരണഘടനയിൽ നിന്ന് ആർട്ടിക്കിൾ 44 എടുത്തുകളയേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. അത്തരമൊരു നടപടി യാതൊരു അപകടവും വരുത്തുകയില്ല. എന്നല്ല, ഭരണഘടനയുടെ ഭാരം കുറക്കുകയേ ഉള്ളൂ.

# ഏക സംസ്കാര രാജ്യം ബഹുസംസ്കാര രാജ്യം

കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലമായി, രാജ്യത്തെ തങ്ങളുടെ ചിന്താ വഴിക്കനുസൃതമായി വാർത്തെടുക്കാൻ രണ്ട് വ്യത്യസ്ത രാഷ്ട്രീയ വിഭാഗങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. മതേതര പ്രത്യയശാസ്ത്രത്തെ അനുകൂലിക്കുന്നവരും, ഹിന്ദുത്വവാദികളും. രണ്ട് ആശയങ്ങളും പൂർണമായി പരസ്പര വിരുദ്ധമാണ്. ഇന്ത്യയിലെ എല്ലാവർക്കും ഒരു പൊതു സിവിൽ കോഡ് വേണമെന്നതിൽ ഇരു വിഭാഗവും ഒറ്റക്കെട്ടാണ് എന്നതാണ് വൈരുധ്യം.

നിഷ്പക്ഷമായി ചിന്തിച്ചാൽ ഇരു വിഭാഗങ്ങളുടെയും ആശയങ്ങൾക്കെതിരാണ് ഏക സിവിൽ കോഡ്. ആദർശത്തോട് ആത്മാർത്ഥയുള്ളവരാണെങ്കിൽ ഏക സിവിൽ കോഡ് പോലുള്ള ആശയങ്ങളെ അവർക്കൊരിക്കലും പിന്തുണക്കാൻ കഴിയില്ല.

മതപരമായ വിഷയങ്ങളിൽ ഭരണകൂടം ഇടപെടാതിരിക്കുകയെന്ന നയം സ്വീകരിക്കുകയാണ് മതേതരത്വം കൊണ്ട് അർത്ഥമാക്കുന്നത്. മത വിശ്വാസ സ്വാതന്ത്ര്യമെന്ന തത്വപ്രകാരം, പെതു ലൗകിക കാര്യങ്ങൾ മാത്രമാണ് ഭരണകൂടം നിയന്ത്രിക്കുന്നത്. മതേതരത്വത്തെക്കുറിച്ച് സാർവ്വത്രികമായി അംഗീകരിച്ച ഒരു സങ്കൽപമാണിത്. ഈ രീതിയനുരിച്ചാണ് ഇന്ത്യയിലെ ഭരണഘടന രൂപപ്പെടുത്തിയത്.

മതേതരത്വത്തെ മതമെന്ന രീതിയിൽ ചിലർ വ്യാഖ്യാനിക്കുമ്പോഴാണ് പ്രശ്നങ്ങളുയർന്നു വരുന്നത്. നിലവിലുള്ള മതങ്ങളെ ഒഴിവാക്കി മതനിരപേക്ഷത സ്വകാര്യജീവിത്തിലെയും പൊതുജീവിതത്തിലെയും എല്ലാവശങ്ങളെയും ചുഴ്ന്നു നിൽക്കുന്നു എന്ന ധാരണയിലാണവർ.

എല്ലാ മതവിഭാഗങ്ങളിലും ധാർമിക വ്യവസ്ഥകളിലും കാണുന്ന തീവ്രവാദമാണിത്. ഇസ്‌ലാം തീർത്തും യുദ്ധത്തിന്റെയും രാഷ്ട്രീയത്തിന്റെയും മതമാണെന്ന രീതിയിൽ വ്യാഖ്യാനിക്കുന്നവർ മുസ്‌ലിംകളിലുമുണ്ട്. ഇത് വെറും അമിതമായ അതിശയോക്തിയും മതഭ്രാന്തും തന്നെയാണ്. ഇസ്‌ലാമിന്റെ യഥാർത്ഥ പ്രതിനിധാനത്തോട് തീർത്തും വിരുദ്ധവുമാണ്.

മതേതരത്വവും ഏക സിവിൽ കോഡും പരസ്പര വിരുദ്ധങ്ങളായ ധ്രുവങ്ങളാണെന്നത് മറ്റൊരു യാഥാർത്ഥ്യമാണ്. മതപരവും സ്വകാര്യവുമായ സ്വാതന്ത്ര്യമാണ് മതേരത്വത്തിന്റെ അടിസ്ഥാന തത്വമെന്നതിനാൽ ഒരു ഏക സിവിൽ കോഡിന് വേണ്ടി ഇന്ത്യയിലെ മതേരത വിഭാഗങ്ങൾ-പൂർണാർത്ഥത്തിൽ അങ്ങനെയുണ്ടെങ്കിൽ - സംസാരിക്കാൻ പാടില്ല.

വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ജനതയെ ഒറ്റ സിവിൽ നിയമത്തിന് കീഴിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ തങ്ങൾ താലോലിക്കുന്ന സങ്കൽപങ്ങൾക്ക് എതിരാണെന്ന് ഹിന്ദുപ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറു വിഭാഗവും മനസ്സിലേക്കേണ്ടതുണ്ട്.

'സർവധർമ സമഭാവന'- എല്ലാ മതങ്ങളും സത്യമാണ്- എന്നതാണ് ഹിന്ദുമതത്തിന്റെ അടിസ്ഥാന തത്വം. നാനാത്വത്തിൽ ഏകത്വമെന്നതും ഹിന്ദു വിശ്വാസത്തിന്റെ മൗലിക സ്വഭാവങ്ങളിലൊന്നാണ്. സത്യത്തിന്റെ ആവിഷ്ക്കാരത്തിന് പല രൂപങ്ങളുണ്ട്. പക്ഷേ, ആന്തരിക സത്ത എല്ലാം ഒന്നുതന്നെയാണെന്നാണ് ഹിന്ദുമത സങ്കൽപം. ബഹുത്വത്തിൽ ഏകത്വം ദർശിക്കുകയെന്നതിൽ ഹിന്ദു മതം വിശ്വസിക്കുന്നു.

സിവിൽ കോഡോ മറ്റേതെങ്കിലും നിയമോ ഇക്കാര്യത്തിൽ ബാഹ്യ ചൈതന്യവുമായാണു വർത്തിക്കേണ്ടത്; അല്ലാതെ, ആന്തരിക ചൈതന്യവുമായല്ല. വിവിധ വിഭാഗങ്ങളുടെ വ്യക്തിനിയമങ്ങളെ ഉന്മൂലനം ചെയ്ത് ഏക സിവിൽ കോഡ് നടപ്പാക്കുക എന്ന ഹിന്ദു വീക്ഷണത്തിനെതിരാണ് ഇത്.

ബഹു സംസ്കാര രാജ്യമെന്ന തത്വത്തിൽ വിശ്വസിക്കുകയും പുലർത്തുകയും ചെയ്യുന്നവയാണ് പാശ്ചാത്യ ലോകത്തെ എല്ലാ വികസിത രാഷ്ട്രങ്ങളും. ഉദാഹരണത്തിന് ബ്രിട്ടൻ, ജർമനി,

ഫ്രാൻസ് തുടങ്ങിയവ. കൊച്ചു രാജ്യമായ സിംഗപൂർ തൊട്ട് യു. എസ് പോലുള്ള വൻ രാജ്യങ്ങൾ വരെ ഇതേ തത്വം സ്വീകരിച്ചാണ് പുരോഗതി പ്രാപിക്കുന്നത്. രാജ്യത്തിൽ ഏക സംസ്കൃതി രാജ്യം വളർത്തിയെടുക്കാൻ ശ്രമിച്ച ഏക രാജ്യം ഒരു പക്ഷേ, സോവിയേറ്റ് യൂണിയനാകും. ഈ ലക്ഷ്യം സാധിക്കാൻ ഭരണകൂടത്തിന്റെ സർവ ശക്തികളും ഉപയോഗിച്ചു. എന്നാൽ, ഈ ലക്ഷ്യം കാണുന്നതിനു പകരം ആ രാജ്യം തന്നെ (സോവിയറ്റ് യൂണിയൻ) ശിഥിലമാകുക യാണുണ്ടായത്.

ഇക്കാര്യങ്ങളിലുള്ള ഐകരൂപ്യം നിയമപരം എന്നതിലുപരി മനുഷ്യ ചരിത്രവുമായി ബന്ധപ്പെട്ടതാണ്. ചരിത്രപ്രക്രിയയിലൂടെ ഒരു ഏകരൂപ സംസ്കാരം സമൂഹത്തിൽ നിലവിൽ വരികയാണെ ങ്കിൽ അപ്പോൾ ഒരു ഏകനിയമവും പിന്തുടരാം. എന്നാൽ, സ്വാഭാവിക പ്രവണതകൾക്ക് അനുരൂപമായി വേണം നിയമനിർമാ ണം.

## ജനസംഖ്യാ വർധിക്കുമെന്ന ഭീതി

വിവാഹംപോലുള്ള സംഗതികൾ തികച്ചും സ്വകാര്യമാണെന്ന് ഒരു കൂട്ടം മുതിർന്ന പൗരന്മാർ അഭിപ്രായപ്പെട്ടതായി ഒരു സർവേ പറയുന്നു. (ഹിന്ദുസ്ഥാൻ ടൈംസ്, 1995 ജൂലായ് 17) തങ്ങളുടെ ആചാരങ്ങളും പാരമ്പര്യങ്ങളും അനുവർത്തിക്കാൻ ഒരു മതസമൂഹം ഉദ്ദേശിക്കുന്നുവെങ്കിൽ മറ്റൊരു സമൂഹത്തിലെ ജനങ്ങൾ എന്തിന് അതിനെ എതിർക്കണം? ഇതു പരിഗണിക്കാതെ ഏക സിവിൽ കോഡ് നടപ്പിലാക്കാൻ ചില തീവ്ര രാഷ്ട്രീയ ശക്തികൾ ബഹളം വെക്കുന്നതെന്തിനാണ്? വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ തങ്ങളുടെ പ്രധാന വിഷയം ഏക സിവിൽകോഡ് ആകുമെന്നുവരെ അവർ പ്രഖ്യാപിച്ചു. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത്തരമൊരു നിയമം ഏർപ്പെടുത്തുന്നതിന് യാതൊരു സാധ്യതപോലുമില്ല എന്ന് അവർ മനസിലാക്കേണ്ടതുണ്ട്. അവരുടെ ആവേശത്തിന്റെ ഹേതു ഏക സിവിൽ കോഡുമായി ബന്ധപ്പെട്ടതൊന്നുമല്ല. രാഷ്ട്രീയ നേട്ടങ്ങൾക്കായി ഒരു രക്ഷാകവചമെന്ന നിലയിൽ അതിനെ ഉപയോഗിക്കുക മാത്രമാണ്. ഈ തീവ്രവാദികൾ തന്ത്രപൂർവം പരത്തുന്ന പ്രചാരണമിതാണ്. “ഇന്ത്യയിലെ മുസ്‌ലിം ജനസംഖ്യ അതിശീഘ്രം പെരുകിക്കൊണ്ടിരിക്കുന്നു. അടുത്ത നൂറ്റാണ്ടിന്റെ പകുതിയോടെ മുസ്‌ലിംകൾ ഭൂരിപക്ഷമായി മാറുകയും ഹിന്ദുക്കൾ സ്വന്തം രാജ്യത്ത് ന്യൂനപക്ഷങ്ങളായിത്തീരുകയും ചെയ്യും.”

ഈ അടിസ്ഥാനശൂന്യമായ പ്രചാരണത്തിന് ശക്തിപകരാൻ ആകർഷണീയമായ ആശയങ്ങൾ അവർ കണ്ടെത്തിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു ശേഷം നിലവിൽ വന്ന ഭരണകൂടം ഹിന്ദുവാവിഹ നിയമപ്രകാരം ഭൂരിപക്ഷ സമുദായത്തിൽപ്പെട്ട ജനങ്ങൾക്ക് ഒരു ഭാര്യമാ

ത്രമായി നിയമപരമായ പരിധി വെച്ചപ്പോൾ നാല് ഭാര്യമാരെ സ്വീകിക്കാൻ മുസ്ലിം വ്യക്തിനിയമം (1860) ഓരോ മുസ്ലിംകൾക്കും അനുമതി നൽകുന്നുണ്ട്. ഒരു ഹിന്ദുവിനെക്കാൾ നാലിരട്ടി സന്താനങ്ങളെ ഉൽപാദിപ്പിക്കാൻ ഒരു മുസ്ലിമിന് സാധിക്കുമെന്നർത്ഥം. അപ്പോൾ ഹിന്ദു ജനസംഖ്യ ഗണനക്രമത്തിൽ വിധിക്കുമ്പോൾ മുസ്ലിം ജനസംഖ്യ ഗുണനക്രമത്തിലാണു വർധിക്കുന്നത്. രാഷ്ട്രീയ പ്രതിയോഗികളെ ഇപ്രകാരം ഗുപ്സാഹമായി ചിത്രീകരിക്കുന്നതിലൂടെ ഹിന്ദുക്കൾക്കിടയിൽ വോട്ട് ബാങ്ക് സൃഷ്ടിക്കുകയാണ് ഈ വ്യാജ പ്രചാരകർ. തീർത്തും അടിസ്ഥാനരഹിതമാണ് ഈ പ്രചാരണം. ജനന നിരക്കിന്റെ അടിസ്ഥാനം വിവാഹങ്ങളോ വിവാഹരീതികളോ അല്ല. സമൂഹത്തിലെ ഗർഭം ധരിക്കുന്ന സ്ത്രീകളുടെ എണ്ണമാണ്. സാധാരണനിലയിൽ മുസ്ലിംകൾ ഒരു വിവാഹമേ ചെയ്യാറുള്ളൂ. എനിക്ക് 73 വയസായി. എന്റെ ജീവിതത്തിൽ നാല് ഭാര്യമാരുള്ള ഒരു മുസ്ലിമും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് നാലിരട്ടി കൂടുതലുണ്ടെങ്കിലേ അവർക്കു നാലു സ്ത്രീകളെ വീതം വിവാഹം ചെയ്യാനാവൂ. അല്ലെങ്കിൽ, അത്രയും സ്ത്രീകളെ കൃത്രിമമായി ഉദ്പാദിപ്പിക്കുന്ന ഫാക്ടറികൾ ആദ്യം കണ്ടുപടിക്കേണ്ടിവരും. മുസ്ലിം സമൂഹത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെതിനെക്കാൾ കൂടുതലല്ല. സ്ത്രീകളെ മാത്രം ഉദ്പാദിപ്പിക്കുന്ന ഫാക്ടറികൾ മുസ്ലിംകൾ കണ്ടുപിടിച്ചിട്ടുമില്ല. ഈ വിഷയത്തിൽ ബൽരാജ് പൂരി എഴുതിയ ഒരു ഖണ്ഡിക ഈവിടെ ഉദ്ധരിക്കുന്നതു സംഗതമാകും.

"ബഹുഭാര്യത്വത്തിനനുകൂലമായ നിയമാനുവാദം അതു നടപ്പാക്കുന്നതിലേക്കു നയിക്കുമെന്ന ഭയത്തിനു കാരണമായ ധാരണയെ സ്ഥിതിവിവരക്കണക്കുകൾ പിന്താങ്ങുന്നില്ല. സ്ത്രീകളുടെ പദവിയെ സംബന്ധിച്ചു പഠിച്ച ദേശീയ കമ്മീഷൻ വെളിപ്പെടുത്തിയത് മറ്റു സമൂഹങ്ങളിൽ ഉള്ള അത്രതന്നെ ബഹുഭാര്യത്വം മുസ്ലിംകൾക്കിടയിൽ ഇല്ല എന്നതാണ്."

"ബഹുഭാര്യത്വം മുസ്ലിം ജനസംഖ്യ അതിവേഗം വർധിപ്പിക്കുന്നുവെന്നത് യുക്തിപരമായിത്തന്നെ അബദ്ധജടിലമാണ് എന്നതാണു രണ്ടാമത്തെ കാര്യം. കാരണം, കുറച്ചാളുകൾ കൂടുതൽ സ്ത്രീകളെ വിവാഹം ചെയ്യാൻ തുടങ്ങിയാൽ കുട്ടികളെ പ്രസവിക്കാൻ കഴിയുന്ന സ്ത്രീകളെ മറ്റു പുരുഷന്മാർക്കു കിട്ടുക പ്രയാസകരമാകുകയും കുട്ടി

കളുടെ എണ്ണം അപ്പോഴും മാറ്റമില്ലാതെ വരികയും ചെയ്യും. ധാരാളം എണ്ണം പുരുഷന്മാർ ഒരു സമൂഹത്തിലുള്ളത് ആ സമൂഹത്തിലെ പരുഷന്മാരുടെ പ്രത്യുദ്പാദനശേഷം ഒരു തരത്തിലും വർധിപ്പിക്കുകയില്ല. ഏകഭാര്യയുള്ള നാലു പുരുഷന്മാർ നാലു ഭാര്യയുള്ള ഏക പുരുഷനെക്കാൾ സന്താനോദ്പാദനം നടത്താനാണു സാധ്യത കൂടുതലുള്ളത്. ബഹുഭാര്യത്വം ജനനനിരക്കു കൂട്ടുന്നതിനു പകരം കുറക്കുകയാണു ചെയ്യുന്നത്." (ഇന്ത്യൻ എക്സ്പ്രസ് ജൂലൈ 6, 1995)

മേൽ പറയപ്പെട്ട തീവ്രരാഷ്ട്രീയ വിഭാഗം അടുത്ത തെരഞ്ഞെടുപ്പിൽ ഹിന്ദുവോട്ടർമാരോട് പറയുക: നോക്കൂ, ഭരണഘടനയുടെ വകുപ്പും സുപ്രീം കോടതിയുടെ വിധിയും ഉണ്ടായിട്ടും മുസ്‌ലിംകൾ ഏക സിവിൽ കോഡിനെ അംഗീകരിക്കുന്നില്ല. അംഗീകരിക്കാതിരിക്കാൻ കാരണം, അപ്പോഴവർക്ക് നാല് ഭാര്യമാരെ നിലനിർത്താനുള്ള അവകാശം ഇല്ലാതാവുകയും ജനസംഖ്യ വർധിപ്പിക്കാൻ സാധിക്കാതെ വരികയും അങ്ങനെ ഹിന്ദുക്കളെ ന്യൂനപക്ഷമാക്കി മാറ്റാൻ കഴിയാതാവുകയും ചെയ്യും എന്നതിനാലാണ് അവരത് അംഗീകരിക്കാത്തത്." തങ്ങൾ അധികാരത്തിലെത്തിയാൽ ഹിന്ദുക്കളെ ഈ അപകടത്തിൽ നിന്ന് രക്ഷിക്കാൻ സാധിക്കും; അതിനാൽ, തങ്ങൾക്ക് വോട്ട് ചെയ്യണമെന്ന് അവർ ജനങ്ങളോട് ആവശ്യപ്പെടും. ഈ കുപ്രചാരണത്തിന്റെ അടിസ്ഥാനരാഹിത്യത്തിനുള്ള തെളിവ് ഈശ്വരന്റെ ഈ ലോകത്ത് ഇതു വിജയം കാണില്ല എന്നതു തന്നെയാണ്.

## നീക്കുപോക്ക്, സമത്വമല്ല

1945ൽ ഇന്ത്യൻ പാർലമെന്റ് ഒരു പ്രത്യേക വിവാഹനിയമം പാസാക്കി. ഇതുപ്രകാരം ഒരു സ്ത്രീക്കും പുരുഷനും പ്രത്യേക കോടതിയിൽ മതപരമായ ചടങ്ങുകളൊന്നുമില്ലാതെതന്നെ മജിസ്ട്രേറ്റിന് മുന്നിൽ നിയമാനുസൃത ഭാര്യാഭർത്താക്കന്മാരാവാം. ഈ നിയമപ്രകരം എത്രപേർ വിവിഹിതരായിട്ടുണ്ടെന്നറിയാൻ ഞാൻ ഡൽഹിയിൽ ഒരു സർവേ നടത്തി. നീണ്ട അന്വേഷണത്തിന് ശേഷം രണ്ട് ദമ്പതികളെ മാത്രമാണ് - ഒരു മുസ്‌ലിമും ഒരു ഹിന്ദുവും - മതപരമായ യാതൊരു ചടങ്ങുമില്ലാതെ ഇപ്രകാരം വിവാഹിതരായതായി എനിക്ക് കണ്ടെത്താൻ സാധിച്ചത്. അവർ കോടതിയിൽ പോയി രജിസ്റ്റർ വിവാഹം നടത്തുകയായിരുന്നു. എന്നാൽ, അൽപായുസ്സേ ഈ വിവാഹത്തിനുണ്ടായുള്ളൂ. അവരിപ്പോൾ വേർപിരിഞ്ഞു. കൂടുതൽ അന്വേഷണത്തിന് ശേഷം വേർപിരിയാനുള്ള കാരണം 'അഹന്ത' (Egoism) യാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. നിസ്സാര കാര്യങ്ങളിലുള്ള തർക്കങ്ങളും വാദങ്ങളും ഒടുവിൽ ശാശ്വതമായ വിവാഹമോചനത്തിൽ കലാശിക്കുകയായിരുന്നു.

സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ചുള്ള ആധുനിക സങ്കൽപങ്ങൾ പ്രബന്ധങ്ങളിൽ ആകർഷകമായ രീതിയിൽ പ്രത്യക്ഷപ്പെടാറുണ്ട്. എന്നാൽ, ജീവിതത്തിൽ സർവ്വോപരി സുപ്രധാനം സമത്വമല്ല. പരസ്പരമുള്ള ഇണക്കമാണ്. അവകാശങ്ങൾ ആവശ്യപ്പെടുന്ന മനഃസ്ഥിതിക്ക് കാരണം സമത്വസങ്കൽപമാണെങ്കിൽ പരസ്പരമുള്ള ഇണക്കമെന്ന ബോധം കടമകൾ നിറവേറ്റുകയെന്ന മനഃസ്ഥിതിയാണുണ്ടാക്കുന്നത്. സമത്വത്തിൽ വിശ്വസിക്കുന്ന ദമ്പതികൾ പലപ്പോഴും വിവാഹമോചനം തേടാനും, പരസ്പര പൊരുത്തത്തിൽ വിശ്വസിക്കുന്നവർക്കു വിജയകരമായി കുടുംബങ്ങൾ പടുത്തു

യർത്താൻ കഴിയുന്നതും ഇതുകൊണ്ടാണ്.

ജപ്പാനിലെ സ്ത്രീ പുരുഷന്മാരുടെ മുദ്രാവാക്യം"ഞാനൊരാളുടെ കീഴിലാണ്" എന്ന് ഒരു ഗ്രന്ഥത്തിൽ കാണാൻ കഴിഞ്ഞു. ഈ ബോധം മൂലം തന്റെ പങ്കാളിയുമായി ഇണങ്ങിച്ചേരാൻ ഓരോ ജപ്പാൻകാരും സദാ തയ്യാറാണ്. "ഏറ്റവും മോശം ഭാര്യ അമേരിക്കൻ സ്ത്രീയാണ്. ഏറ്റവും നല്ല ഭാര്യ ജപ്പാനീ സ്ത്രീയാണ്" എന്നു പറയാറുണ്ട്. അവരുടെ വ്യത്യസ്ത മാനസികാവസ്ഥയുടെ അടിസ്ഥാനത്തിൽ ഇതിനെ വിശദീകരിക്കാൻ സാധിക്കും. സമത്വമാണ് അമേരിക്കൻ സ്ത്രീയുടെ ഒഴിയാ ബാധയെങ്കിൽ, സമത്വസമത്വങ്ങളുടെ ആശയങ്ങൾക്കുപരിയായി ചിന്തിക്കുന്നവരാണ് ജപ്പാൻ സ്ത്രീകൾ. പരസ്പരപൂരകങ്ങളായ ചില തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവിതം നയിക്കേണ്ടത് എന്നേ അവൾക്കറിയൂ. അമേരിക്കൻ സ്ത്രീ വിവാഹ ജീവിതത്തിൽ പരാജയപ്പെടാനും ജപ്പാനീ സ്ത്രീ വിജയിക്കാനും കാരണമിതാണ്.

ഒരു നല്ല കുടുംബം പടുത്തുയർത്താൻ സമത്വമെന്ന പാശ്ചാത്യ സങ്കൽപത്തിനു പകരം ഇണക്കമെന്നതിനാണ് നാം ഊന്നൽ നൽകേണ്ടത്.

## ഹിന്ദുമതത്തിലെ ആചാരങ്ങൾ

ഹിന്ദുക്കൾക്കു പ്രത്യേകമായ, അഥവാ, പൊതുവായ ഒരു വിവാഹച്ചടങ്ങുണ്ട് എന്ന് പറയാനാവില്ല. അവരിലെ ഓരോ വിഭാഗവും കുടുംബത്തിലെയോ പ്രദേശത്തെയോ ആചാരങ്ങൾക്കും അനുസൃതമായാണ് വിവിഹം നടത്താറുള്ളത്. ഉദാഹരണമായി, 1995 മെയ് 25ന് പ്രശസ്ത ക്രിക്കറ്റ് താരം സച്ചിൻ ടെണ്ടുൽക്കർ അഞ്ജലി മേത്തയെ വിവാഹം ചെയ്തത് പരമ്പരാഗതമായ മഹാരാഷ്ട്ര രീതിയിലിലാണ്. (പയനിയർ 1995 മെയ് 26)

1954 പ്രത്യേക വിവാഹ നിയമമനുസരിച്ച് ഒരു സിവിൽ നടപടിക്രമം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും മിക്കറാവും ഹിന്ദുക്കൾ മതപരമായ ചടങ്ങുകളുസരിച്ചാണ് വിവാഹകർമങ്ങൾ നടത്തുക. (ഹിന്ദുസ്ഥാൻ ടൈംസ്, 1995, മെയ് 22)

ഇതൊരു യാദൃശ്ചികമായ കാര്യമല്ല, അനിവാര്യമായതുതന്നെയാണ്. ഒരു വ്യക്തിയുടെ അതീവ സ്വകാര്യമായ സംഗതികളുടെ മണ്ഡലമാണ് വിവാഹം. അതിൽ ഓരോ സമൂഹവും അവരുടേതായ കുടുംബപരമോ സമുദായികമോ ആയ പാരമ്പര്യങ്ങളും ചടങ്ങുകളും പിൻപറ്റുന്നു. ഇതല്ലാത്ത വഴികൾ അസാധ്യമാണ്.

# യഥാർത്ഥ ആവശ്യം ദേശീയ സ്വഭാവം

ശാന്തിപൂർണവും വികസിതവുമായ ഒരു ഐക്യ ഇന്ത്യ നിർമിക്കാൻ യഥാർത്ഥത്തിൽ അനിവാര്യമായത് ദേശീയ സ്വഭാവമാണ്. രാജ്യത്തെ എല്ലാ വൈകല്യങ്ങൾക്കും ന്യൂനതകൾക്കും ജീർണതകൾക്കും കാരണം ഒന്നാണെന്നു കാണാം - സ്വാതന്ത്ര്യത്തിനു ശേഷം ജനങ്ങൾക്കിടയിൽ ദേശീയ സ്വഭാവം സൃഷ്ടിക്കുന്നതിൽ വന്ന പരാജയം. ദേശീയ സമീപനം വ്യക്തിപരമായ സമീപനത്തിന് എതിരാണ്. വ്യക്തിപരമായ സമീപനത്തിൽ ദേശീയ താൽപര്യത്തേക്കാൾ വ്യക്തിപരമായ താൽപര്യങ്ങൾക്കാണ് പ്രാധാന്യം കൽപ്പിക്കപ്പെടുന്നത്. ഈ രണ്ട് ആവശ്യങ്ങൾക്കുമിടയിൽ ഏറ്റുമുട്ടലുണ്ടായാൽ വ്യക്തിപരമായ താൽപര്യം ദേശീയ താൽപര്യത്തിനു കീഴൊതുങ്ങണമെന്നതാണ് തത്വം.

ഏതെങ്കിലുമൊരു വിദേശരാജ്യം നിങ്ങളെ വിലക്കുവാങ്ങുന്നു കരുതുക. മാതൃരാജ്യത്തോടുള്ള നിങ്ങളുടെ സ്നേഹം നിങ്ങളെ അതിൽ നിന്നു തടഞ്ഞുനിർത്തണം. നികുതി നൽകാതിരിക്കൽ നിങ്ങളുടെ വ്യക്തി താൽപര്യമാണ്. എന്നാൽ, നിങ്ങൾ നികുതി അടച്ചിരിക്കണം. കാരണം, അതാണ് ദേശീയ താൽപര്യം. മായം ചേർത്ത വസ്തുക്കൾ നിങ്ങൾക്ക് വൻ ലാഭമുണ്ടാക്കിത്തരും. എന്നാൽ, രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമുണ്ടാക്കുന്നതാകയാൽ മായം ചേർക്കലിൽ നിന്ന് നിങ്ങൾ വിട്ടുനിൽക്കണം. വ്യക്തിപരമായ ക്ലേശങ്ങളുടെ പേരിൽ രാഷ്ട്രസ്വത്തിനു നിങ്ങൾ അപകടം വരുത്തിക്കൂടാ. സാമ്പത്തിക വളർച്ചയെ തടസ്സപ്പെടുത്തുന്ന ശ്രമങ്ങളൊന്നും നടത്തരുത്. കാരണം, അതു രാഷ്ട്രത്തിന്റെ നാശത്തിനു വഴിയൊരുക്കും. ഒരു തെരഞ്ഞെടുപ്പിൽ നിങ്ങൾ പരാജയപ്പെട്ടാൽ മനസ്സാ പരാജയം അംഗീകരിക്കണം. ഈ പരാജയം വിസമ്മതിച്ചാൽ രാഷ്ട്രീയ വ്യവ

സ്ഥക്കാകെ വിപര്യയം സംഭവിക്കും. നിങ്ങൾ ഒരു ഉത്തരവാദിത്തം വഹിക്കുന്നുണ്ടെങ്കിൽ സാമ്പത്തിക ലാഭത്തിനായി നിന്ദ്യമായ രീതി അവലംബിക്കരുത്. കാരണം, രാജ്യത്തിന്റെ സാമ്പത്തിക ഘടനക്കു തന്നെ അതു വിപരീത ഫലം സൃഷ്ടിക്കും ഇത്തരം സ്വഭാവങ്ങൾ. ഒരു തവണ അധികാരം കിട്ടിക്കഴിഞ്ഞാൽ അതിൽ കാലാകാലം പിടിച്ചുതൂങ്ങാൻ മോഹിക്കരുത്. ഇത്തരം രാഷ്ട്രീയ സ്വാർത്ഥകൾ രാജ്യത്തിന്റെ ജനാധിപത്യ ക്രമങ്ങളെ നാശോന്മുഖമാക്കും. നിങ്ങളൊരു നേതാവാണെങ്കിൽ മുഴുവൻ ശ്രദ്ധയും സ്വന്തം തെരഞ്ഞെടുപ്പ് താൽപര്യത്തിനുവേണ്ടിയാകരുത്. വോട്ട് ബാങ്കിനായി ഏതെങ്കിലുമൊരു വിഭാഗത്തെ ഭയവും വിദ്വേഷവും ഇളക്കിവിട്ട് കാര്യം നേടാൻ ശ്രമിക്കുമ്പോൾ രാജ്യത്തെ രാഷ്ട്രീയ പാപ്പരത്തത്തിലേക്ക് തള്ളിവിടുകയാണ് നിങ്ങൾ ചെയ്യുന്നത്.

രാജ്യത്തിന്റെ പുരോഗതിക്ക് യഥാർത്ഥ ദേശസ്നേഹം അനിവാര്യമാണ്. എന്നാൽ നമ്മുടെ രാജ്യത്ത് അതു നിലനിൽക്കുന്നില്ലെന്നതാണ് ശരിയായ വസ്തുത. രാജ്യത്തെ സ്നേഹിക്കുന്നതിനുപകരം സ്വയം സ്നേഹികളാവുകയാണ് സർവരും. സ്വന്തം താൽപര്യങ്ങൾ കൊണ്ട് രാജ്യത്തിന്റെ താൽപര്യങ്ങളെ നിഷ്പ്രഭമാക്കിത്തീർക്കുകയാണ് എല്ലാവരും. ഈ സ്വയം പൂജയാണ് രാജ്യത്തെ തകർച്ചയിലെത്തിച്ചത്.

പൊതു സിവിൽ കോഡ് സ്വീകരിക്കുക പോലുള്ള ഉപരിപ്ലവമായ നടപടികളിൽ നിന്ന് ഒരിക്കലും രാജ്യസ്നേഹം ഉണ്ടാക്കാൻ സാധ്യമല്ല. ജനങ്ങളുടെ ചിന്തകളെ കൂടുതൽ നിർമാണാത്മകമായ ദിശയിലേക്ക് തിരിക്കുകയാണ് വേണ്ടത്. ഇതിനായി ലഭ്യമായ എല്ലാ വിഭവങ്ങളും ഉപയോഗിച്ച് പൊതു ജനങ്ങൾക്ക് അറിവ് നൽകുകയാണ് നാം ചെയ്യേണ്ടത്. ബൗദ്ധികമായ ഉണർവിനും അവബോധത്തിനും പുരോഗമനപരവും വിശാലവുമായ പദ്ധതികൾ നാം ആരംഭിക്കേണ്ടതുണ്ട്.

ബ്രഹത്തായൊരു ദൗത്യമാണിതെന്നത് നിസ്തർക്കമാണ്. ഇതിനു പകരമായി മറ്റൊരു വഴിയില്ലെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഇതിനു ബദലായി മറ്റൊന്നുമില്ല.

## വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

ഭരണഘടനയുടെ നിർദേശക തത്വങ്ങളിൽപ്പെട്ട വകുപ്പുകളിൽ ഒന്ന് ഇപ്രകാരം പ്രസ്താവിക്കുന്നുണ്ട്.

“ഈ ഭരണഘടന ആരംഭിച്ച് പത്ത് വർഷത്തിനകം, 14 വയസ്സു വരെ എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം നൽകാൻ ഭരണകൂടം ശ്രമിക്കേണ്ടതുണ്ട്”.

നിർദ്ദേശക തത്വങ്ങളിലെ വകുപ്പുകളിൽ പരമപ്രധാനവും എന്നാൽ, വേണ്ടത്ര ശ്രദ്ധ നേടാത്തതുമായ ഒരു വകുപ്പാണിതെന്ന് ഭയമില്ലാതെ പറയാം. അര നൂറ്റാണ്ട് കഴിഞ്ഞിട്ടും ഈ വകുപ്പ് നടപ്പാക്കുന്നതിൽ ഭരണകൂടങ്ങൾ പരാജയപ്പെട്ടതെന്തുകൊണ്ടെന്ന് ചോദിക്കേണ്ടതായി സുപ്രീം കോടതിക്ക് തോന്നിയിട്ടില്ല.

1949 നവംബർ 26നാണ് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത്. എങ്കിൽ, വ്യവസ്ഥ ചെയ്യപ്പെട്ട പത്ത് വർഷം 1959 നവംബറിൽ പൂർത്തിയായി. എന്നിട്ടും എല്ലാ യുവാക്കൾക്കും വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യം ഭാഗികമായേ നിറവേറ്റപ്പെട്ടിട്ടുള്ളൂ.

രാഷ്ട്ര നിർമാണമെന്ന ലക്ഷ്യത്തിനു വിദ്യാഭ്യസത്തിന്റെ പ്രാധാന്യം വളരെ പ്രധാനമാണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ പൊതു സിവിൽകോഡ് എന്നത് ഒരു വിഷയമേ അല്ല. ഈ സാഹചര്യത്തിൽ രാജ്യത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുകയെന്നാവണം നമ്മുടെ മർമ പ്രധാന വിഷയം. മറ്റുള്ളതിനു നാം ഇതിനേക്കാൾ ശ്രദ്ധകൊടുക്കുന്നുവന്നതിനർത്ഥം സുപ്രധാന കാര്യങ്ങളെക്കാൾ അപ്രധാനമായ കാര്യങ്ങളിൽ നാം ഊന്നൽ നൽകുന്നുവെന്നാണ്. പ്രസക്തമായ യഥാർത്ഥ കാര്യങ്ങളെ അവഗണിച്ച് അപ്രധാനമായ കാര്യങ്ങളിൽ ശ്രദ്ധകൊടുക്കുന്നത് ദേശീയ സേവനമല്ല, മറിച്ച. കുറ്റകൃത്യമായാണ് കരുതേണ്ടത്.

## വിദ്യാഭ്യാസം തൊഴിലിന് വേണ്ടിയല്ല

തൊഴിൽ പ്രവേശനത്തിനുള്ള ഒരു വഴി മാത്രമല്ല വിദ്യാഭ്യാസം. വിദ്യാഭ്യാസം അവബോധവും ബൗദ്ധിക ഉണർവും സൃഷ്ടിക്കുന്നു എന്നതിലാണ് അതിന്റെ യഥാർത്ഥ പ്രസക്തി വസ്തുനിഷ്ഠമായ ചിന്തയെ അതു വികസിപ്പിക്കുന്നു.

ഒരു സമൂഹത്തിലോ രാഷ്ട്രത്തിലോ ശരിയായ ചിന്തകൾക്കേ ക്രിയാത്മകവും പ്രയോജനകരവുമായ സംഭവങ്ങൾ നടത്താൻ സാധിക്കൂ. ശരിയായ ചിന്ത ജനങ്ങൾക്കിടയിൽ ദീർഘദർശനം സാധ്യമാക്കുന്നു. വൈവിധ്യങ്ങളോട് എപ്രകാരം ഇടപഴകണമെന്ന് അതു നമ്മെ പഠിപ്പിക്കുന്നു. വീഴ്ചകൾ തിരുത്താനും നന്മ-തിന്മകൾ വ്യവച്ഛേദിച്ചറിയാനും അത് ജനങ്ങൾക്ക് പക്വത നൽകുന്നു. പുറം കാഴ്ചകളിലൂടെ ആന്തരിക യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് യഥാർത്ഥ ചിന്തികളാണ്. ശരിയായ ചിന്ത ശരിയായ പ്രവർത്തനങ്ങൾക്ക് വഴി തുറക്കുന്നു. ശരിയായ പ്രവർനത്തനങ്ങൾക്കേ ഒരു വിഭാഗത്തെയോ വ്യക്തിയെയോ വിജയകരമായ ലക്ഷ്യത്തിലേക്കു നയിക്കാൻ കഴിയൂ.

# എന്താണ് യഥാർത്ഥ ആവശ്യം!

ഒരു സമൂഹത്തിൽ ഐക്യത്തിന്റെയും സമഗ്രതയുടെയും അന്തരീക്ഷം ഉരുത്തിരിഞ്ഞു വരുന്നത് വിവാഹച്ചടങ്ങുകൾ സമീകരിക്കുന്നതു വഴിയല്ല. മറിച്ച്, ശരിയായി ചിന്തിക്കാനുള്ള ശേഷം ജനങ്ങൾക്കുണ്ടാകുമ്പോഴാണ്.

ശരിയായ ചിന്ത എന്താണെന്നതിന് ഒരുദാഹരണം നമുക്ക് നോക്കാം.

ഒരു ക്രിസ്ത്യൻ സുഹൃത്ത് ഒരിക്കൽ സ്വാമി വിവേകാനന്ദനെ തന്റെ മുറിയിലേക്ക് ക്ഷണിച്ചു. സ്വാമിയുടെ സഹിഷ്ണുത പരിശോധിക്കാനായി കുറേ മതഗ്രന്ഥങ്ങൾ സുഹൃത്ത് മേശപ്പുറത്ത് കൊണ്ടുവച്ചു. ഏറ്റവും അടിയിൽ രാമായണം, ഏറ്റവും മുകളിൽ ബൈബിളും മറ്റുള്ളവ ഇതിനിടയിലും. സ്വാമി മുറിയിലേക്ക് പ്രവേശിച്ചപ്പോൾ ക്രിസ്ത്യൻ സുഹൃത്ത് ഗ്രന്ഥങ്ങൾ ചൂണ്ടിക്കാണിച്ച് ചോദിച്ചു: “എന്താണ് താങ്കളുടെ അഭിപ്രായം?” സ്വാമി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: “ അടിത്തറ വളരെ ഉറച്ചതാണല്ലോ.”

ഇതിൽ അഭിമാനപ്രശ്നം ഉയർത്താനാണു സ്വാമിജി ശ്രമിച്ചതെങ്കിൽ അദ്ദേഹം കുപിതനായി ഇപ്രകാരമാകും പ്രതികരിക്കുക. ‘എന്നെ നാണം കെടുത്താനാണോ നീ ക്ഷണിച്ചത്?’ അവർ പരസ്പരം ചൂടേറിയ വാഗ്വാദം നടത്തി പോലീസിനെ വിളിപ്പിക്കേണ്ട ഗതിയിലേക്ക് എത്തുമായിരുന്ന ഒരു ഘട്ടത്തെ അഭിമാന പ്രശ്നമാക്കി മാറ്റുന്നതിനു പകരം സ്വാമി വിഷയം തന്നെ കൈവെടിയുകയാണ് ചെയ്തത്. ഫലമോ പരസ്പരം പോരിലേക്ക് നയിക്കുമായിരുന്ന സംഗതി പരസ്പരം പുഞ്ചിരി കൈമാറുന്നതിലാണ് അവസാനിച്ചത്.

സാഹചര്യങ്ങളെ ഈ രീതിയിൽ കൈകാര്യം ചെയ്യാൻ സ്വാമിക്ക് കഴിഞ്ഞതിനാലാണ് അതു സാധിച്ചത്. ഇത് ഒരേ സിവിൽ കോഡ് ഇരുവരും അംഗീകരിച്ചതുകൊണ്ടാണോ? ഒരിക്കലുമല്ല.

അദ്ദേഹത്തിന്റെ തികഞ്ഞ തന്ത്രത്തിന്റെ ഏകകാരണം ഉന്നതമായ വിദ്യാഭ്യാസമാണ്. തികവും അവവോധവുമുള്ള ഒരു പുരുഷനാക്കി അദ്ദേഹത്തെ മാറ്റിയെടുത്തത് അതാണ്. ഏതൊരു നിഷേധാത്മക സംഭവത്തിനും ക്രിയാത്മക ഫലമുളവാക്കാൻ സാധിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. ചിന്തയെന്ന കല അദ്ദേഹത്തിനുണ്ടായിരുന്നു. ജീവിത ശാസ്ത്രത്തിൽ അദ്ദേഹം പിന്നിലായിരുന്നില്ല. വൈവിധ്യങ്ങളുണ്ടെങ്കിലും ഇതരരുമായി സൗഹൃദത്തിൽ കഴിയാനാകുമെന്ന് അദ്ദേഹം മനസിലാക്കിയിരുന്നു. ഏക സിവിൽ കോഡല്ല, ബൗദ്ധികമായ ഉണർവായിരുന്നു സ്വാമിയുടെ രഹസ്യം.

## മുസ്‌ലിംകളോടൊരു ഉപദേശം

അവസാനമായി സുപ്രീം കോടതിയുടെ ഈ വിധിയിൽ (1995) മുമ്പ് നടത്തിയ വിധത്തിൽ (1989) കാണിച്ചതുപോലുള്ള അബദ്ധങ്ങൾ ആവർത്തിക്കരുതെന്ന് ഞാൻ മുസ്‌ലിംകളോട് അഭ്യർത്ഥിക്കകയാണ്. വർഷങ്ങൾക്കു മുമ്പ് ഷാബാനു കേസിൽ സുപ്രീം കോടതി വിധി പ്രഖ്യാപിച്ചപ്പോൾ രാജ്യത്താകമാനമുള്ള മുസ്‌ലിംകൾ റാലികളും പ്രകടനങ്ങളും നടത്തിയാണു പ്രതിഷേധിച്ചത്. രാജ്യത്തെ ഹിന്ദുതീവ്രവാദികൾക്ക് പ്രത്യക്ഷത്തിൽ തന്നെ ഇതിൽ നിന്ന് പ്രയോജനം കിട്ടി.

മുസ്‌ലിംകളെ പ്രകോപിപ്പിച്ച് തെരുവിലറക്കി, മുസ്‌ലിം തീവ്രവാദം ഇളക്കിവിട്ട് വോട്ട് ബാങ്ക് നിർമിക്കുന്ന പ്രസ്തുത കക്ഷികൾ ഇപ്പോഴും കാത്തിരിക്കുകയാണ്. സുപ്രീം കോടതിയുടെ ഈ വിധി ഒരു നിലക്കും മുസ്‌ലിംകൾക്ക് ഭീഷണിയല്ല. എന്നാൽ അപ്രകാരമുള്ള പ്രതിഷേധ രീതികൾവീണ്ടും മുസ്‌ലിംകൾ കൈക്കൊള്ളുകയാണെങ്കിൽ അതു തീർച്ചയായും മുസ്‌ലിംകൾക്ക് അപകടമാകും.

വെല്ലുവിളികളുടെയും മത്സരത്തിന്റെയും ഒരു ലോകമാണിത്. അപരന്റെ ദൗർബല്യം ഉപയോഗിക്കാനുള്ള അവസരം കാത്തിരിക്കുകയാണ് എവിടെയും എല്ലാവരും. അനിഷ്ടങ്ങൾ വഴി പ്രകോപനത്തിനടിമപ്പെട്ട് തിടുക്കത്തിൽ വല്ലതും ചെയ്യുമ്പോൾ അതിൽ തന്റെ അവസരം കാണുകയാണവർ. അതു കൊണ്ടാണ് ഖുർആൻ കൽപിച്ചത്:

“താങ്കൾ അതു ക്ഷമയോടെ പൊറുക്കുക,

താങ്കൾക്കു മുമ്പുള്ള ദൃഢമനസ്കരായ

പ്രവാചകർ ചെയ്തതു പോലെ.

അതിൽ ബദ്ധപ്പാടു കാണിക്കരുത്.” (46:35)

നിങ്ങളുടെ ദൗർബല്യം ചൂഷണം ചെയ്യാനുള്ള ശത്രുവിന്റെ അവസരമാണ് ക്ഷമ നിഷേധിക്കുന്നത്. ക്ഷമകേട് ശത്രുവിന്റെ കുതന്ത്രത്തിലേക്ക് നിങ്ങളെ എളുപ്പത്തിൽ ചെന്നുചാടിക്കും.

നമുക്ക് ചുറ്റും കുതന്ത്രങ്ങൾ ആസൂത്രണം ചെയ്യപ്പെട്ടു കിടക്കുന്നുണ്ട്. നാമതിൽ ഇരകളായിത്തീരുന്നോ ഇല്ലയോ എന്നത് നമ്മുടെ സ്വന്തം തീരുമാനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഏതൊരു വ്യക്തിയുടെയും സമൂഹത്തിന്റെയും വിജയത്തിന്റെ രഹസ്യം കുടികൊള്ളുന്നത് ഇവിടെയാണ്.



മുസ്‌ലിംകളെ പ്രകോപിപ്പിച്ച് തെരുവിലറക്കി,
മുസ്‌ലിം തീവ്രവാദം ഇളക്കിവിട്ട് വോട്ട് ബാങ്ക് നിർമിക്കുന്ന
പ്രസ്തുത കക്ഷികൾ ഇപ്പോഴും കാത്തിരിക്കുകയാണ്.
സുപ്രീം കോടതിയുടെ ഈ വിധി ഒരു നിലക്കും
മുസ്‌ലിംകൾക്ക് ഭീഷണിയല്ല.
എന്നാൽ അപ്രകാരമുള്ള പ്രതിഷേധ രീതികൾവീണ്ടും
മുസ്‌ലിംകൾ കൈക്കൊള്ളുകയാണെങ്കിൽ
അതു തീർച്ചയായും മുസ്‌ലിംകൾക്ക് അപകടമാകും.
വെല്ലുവിളികളുടെയും മത്സരത്തിന്റെയും
ഒരു ലോകമാണിത്.
അപരന്റെ ദൗർബല്യം ഉപയോഗിക്കാനുള്ള
അവസരം കാത്തിരിക്കുകയാണ്
എവിടെയും എല്ലാവരും.
അനിഷ്ടങ്ങൾ വഴി പ്രകോപനത്തിനടിമപ്പെട്ട്
തിടുക്കത്തിൽ വല്ലതും ചെയ്യുമ്പോൾ
അതിൽ തന്റെ അവസരം കാണുകയാണവർ.
അതു കൊണ്ടാണ് ഖുർആൻ കൽപിച്ചത്:
'താങ്കൾ അതു ക്ഷമയോടെ പൊറുക്കുക,
താങ്കൾക്കു മുമ്പുള്ള ദൃഢമനസ്കരായ
പ്രവാചകർ ചെയ്തതു പോലെ.
അതിൽ ബദ്ധപ്പാടു കാണിക്കരുത്.'' (46:35)

# ഏക സിവിൽ കോഡ്
# ഒരു വിമർശനപഠനം

മൗലാനാ വഹീദുദ്ദീൻഖാൻ

വിവർത്തനം
ഡോ. മുസ്തഫ കമാൽ പാഷ

ഗുഡ്‌വേഡ് ബുക്ക്സ്, കേരള

വില: (